# വിഷൻ 2031 – ന്യൂനപക്ഷ ക്ഷേമ വകുപ്പ്

---

സംസ്ഥാന ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ– ആഭിമുഖ്യത്തിൽ ഒക്ടോബർ 16–ന് ഫോർട്ട് കൊച്ചിയിൽ വെച്ച് സംഘടിപ്പിച്ച 'വിഷൻ 2031' സംസ്ഥാന തല സെമിനാർ സമഗ്ര ന്യൂനപക്ഷ ക്ഷേമവും അവകാശ സംരക്ഷണവും ലക്ഷ്യം വെച്ചുള്ള ചർച്ചകൾക്കും ക്രിയാത്മക ആശയങ്ങളുടെ ക്രോഡീകരണത്തിനും വേദിയായി.

ന്യൂനപക്ഷ മതവിഭാഗങ്ങളുടെ പ്രതിനിധികളും വകുപ്പ് തല അധ്യക്ഷരും സാമൂഹ്യ –രാഷ്ട്രീയ–നിയമ മേഖലകളിലെ വിദഗ്ധരും പങ്കെടുത്ത ചർച്ചയകളിലും സെമിനാറിലും ന്യൂനപക്ഷക്ഷേമത്തിന് ഉതകുന്ന നിരവധി ആശയങ്ങളും നിർദ്ദേശങ്ങളും ഉയർന്നു.

ചരിത്രപരമായ കാരണങ്ങൾ കൊണ്ട് പാർശ്വവൽക്കരിക്കപ്പെട്ട ന്യൂനപക്ഷ വിഭാഗങ്ങളെ സാമൂഹ്യ–സാംസ്കാരിക തലങ്ങളിലും വൈജ്ഞാനിക–സാമ്പത്തിക–തൊഴിൽ മേഖലകളിലും ശക്തിപ്പെടുത്തി മുഖ്യധാരയിലേക്ക് കൊണ്ടുവരികയെന്ന ദൗത്യം നടപ്പിലായി വരികയാണ്. നൂതന വികസന മാതൃകകളിൽ അധിഷ്ഠിതമായ ജനക്ഷേമ പദ്ധതികളുടെ ആവിഷ്കരണവും പൂർത്തീ കരണവും സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ട്. ഭവന പുനരുദ്ധാരണം, വിധവകൾക്കും വിവാഹ മോചിതർക്കും ശാരീരിക വെല്ലുവിളി നേരിടുന്നവർക്കും ധനസഹായം, സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ധനസഹായം തുടങ്ങിയവ കാലതാമസം കൂടാതെ അർഹരായവരിലേക്ക് എത്തിക്കുന്നുണ്ട്. ചെറുകിട വ്യവസായ സംരംഭങ്ങൾ, സ്റ്റാർട്ട് അപ്പുകൾ തുടങ്ങിയവയ്ക്ക് ധനകാര്യ വികസന കോർപ്പറേഷൻ വഴി ധനസഹായം ലഭ്യമാക്കി വരുന്നുണ്ട്.

പ്രീമെട്രിക് മുതൽ പി.എച്ച്.ഡി വരെയുള്ള വിദ്യാത്ഥിർകൾക്ക് അർഹമായ വിവിധ സ്കോളർഷിപ്പുകളും നൽകുന്നുണ്ട്. വിദ്യാഭ്യാസ – തൊഴിൽ മേഖലകളിൽ സാർവത്രികമായ കരുതൽ നൽകാൻ സാധിച്ചു.

ക്രിയാത്മക സമീപനത്തിലൂടെ ഘട്ടങ്ങളായി ന്യൂനപക്ഷ ശാക്തീകരണം വിപുലപ്പെടുത്തുന്ന പദ്ധതിനിർവഹണമാണ് സംസ്ഥാനത്ത് നടപ്പിൽ വരുന്നത്. ന്യൂനപക്ഷ ക്ഷേമവും അവകാശ സംരക്ഷണവും പൂർണമായി നടപ്പിലാക്കുന്ന സംസ്ഥാനമായി കേരളം മാറും.

വിഷൻ 2031 സെമിനാറിന്റെ വിവിധ സെഷനുകളിൽ ഉയർന്ന അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നു.

## 1. ഭരണഘടനയും ന്യൂനപക്ഷ അവകാശ സംരക്ഷണവും – സെമിനാർ

സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ ന്യൂനപക്ഷ മത വിഭാഗങ്ങൾക്ക് ഭരണഘടന ഉറപ്പു നൽകുന്ന അവകാശങ്ങളെക്കുറിച്ച് സെമിനാർ വ്യക്തമായ കാഴ്ചപ്പാട് ഉയർത്തി. ഇന്ത്യയിലെ ഏതൊരു പൗരനും ഇഷ്ടമുള്ള മതം വിശ്വസിക്കാനും സ്വീകരിക്കാനും അത് പ്രചരിപ്പിക്കാനും ഉള്ള അവകാശമുണ്ട്. ന്യൂനപക്ഷ അവകാശങ്ങളെ തടഞ്ഞുകൊണ്ട് അപവൽക്കരണവും അവസര സമത്വമില്ലായ്മയും സൃഷ്ടിക്കുന്ന ആസൂത്രിത നീക്കങ്ങൾ തടയേണ്ടതാണ്. ഭരണഘടനയും ഇന്ത്യൻ സാംസ്കാരിക പൈതൃകവും ന്യൂനപക്ഷ അവകാശ സംരക്ഷണത്തിന് ഉപോൽപലകങ്ങളായി വർത്തിക്കുന്ന ഘടകങ്ങളാണ്. വിശ്വാസങ്ങളിൽ വിട്ടുവീഴ്ച ചെയ്യാതെ ആത്മാഭിമാനത്തോടെ ജീവിക്കാനും സാംസ്കാരിക പൈതൃകങ്ങൾ സംരക്ഷിക്കാനുള്ള അവകാശവും ഭരണഘടന ഉറപ്പുനൽകുന്നുണ്ട്.

ഭരണഘടന അനുശാസിക്കുന്ന ന്യൂനപക്ഷ അവകാശ സംരക്ഷണം പാലിക്കുന്ന ഏക സംസ്ഥാനം കേരളമാണ്. ഡൽഹി, ബീഹാർ, ഉത്തർപ്രദേശ്, ഹരിയാന അടക്കമുള്ള ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും ആസാം, മണിപ്പൂർ ഉൾപ്പെടെയുള്ള വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലും ന്യൂനപക്ഷ അവകാശധ്വംസനം കൂടുതലായി നടന്നുവരുന്നുണ്ട്. നഗ്നമായി ഇത്തരം ഭരണഘടനാ ലംഘനങ്ങൾ തുടരുന്ന സാഹചര്യത്തിൽ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയെന്നോണം ബദൽ സൃഷ്ടിക്കാൻ കേരളത്തിന് ആയിട്ടുണ്ട്. വിവേചനങ്ങതക്കെതിരെ സൗഹാർദ്ദത്തിലും സഹിഷ്ണുതയിലും അധിഷ്ഠിതമായ മുന്നേറ്റങ്ങളിലൂടെ ന്യൂനപക്ഷ ക്ഷേമം സാധ്യമാകണം.

ഭരണഘടന ഉറപ്പു നൽകുന്ന മതേതരത്വം ന്യൂനപക്ഷ അവകാശ സംരക്ഷണത്തിലെ മുഖ്യ ഘടകമാണ്. ഭരണഘടനയിലെ ചിഹ്നങ്ങളും ചിത്രങ്ങളും പ്രതീകങ്ങളും അത് ഊട്ടി ഉറപ്പിക്കുന്നുണ്ട്. വൈവിധ്യങ്ങളായ പൈതൃകങ്ങളും സംസ്കാരവും ഭാഷയും സംരക്ഷിക്കപ്പെടേണ്ടവയാണ്.

മറ്റേത് മതവിഭാഗത്തിനും ഭരണഘടന നൽകുന്ന അവകാശങ്ങൾ ന്യൂനപക്ഷ വിഭാഗത്തിനും അവകാശപ്പെട്ടതാണ്. ന്യൂനപക്ഷ അവകാശങ്ങൾ എന്നത് ഇന്ത്യയിലെ മാത്രം പ്രത്യേകതയല്ല, ലോകം മുഴുവൻ അംഗീകരിക്കപ്പെട്ട ഒന്നാണ്. ന്യൂനപക്ഷ വിഭാഗങ്ങൾ ഏറ്റവും കൂടുതൽ അനീതികൾക്കും സാമൂഹ്യ-സാമ്പത്തിക വിവേചനങ്ങൾക്കും ഇരയാക്കപ്പെടുന്ന വിഭാഗമാണ്. അവർ പൊതുവെ സാമൂഹിക രാഷ്ട്രീയ ജീവിതത്തിൽ നിന്നും ബോധപൂർവം ഒഴിവാക്കപ്പെടുന്നു. അതുകൊണ്ടുതന്നെ ന്യൂനപക്ഷ അവകാശങ്ങൾ എന്നത് അവരുടെ സ്വത്വത്തെയും സംസ്കാരത്തെയും അന്തസ്സിനെയും അംഗീകരിക്കാനുള്ള ബോധപൂർവമായ പരിശ്രമം കൂടിയാണ്.

ഒരു പ്രദേശത്തെ ഭൂരിഭാഗം ആളുകളും സംസാരിക്കുന്ന ഭാഷയിൽ നിന്ന് വ്യത്യസ്തമായ ഭാഷ സംസാരിക്കുന്ന ജനസമൂഹത്തെയാണ് ഭാഷാ ന്യൂനപക്ഷങ്ങൾ എന്ന് പറയുന്നത്. കേരളത്തിൽ കാസർഗോഡ് ജില്ലയിൽ ആണ് കൂടുതലായും ഭാഷാ ന്യൂനപക്ഷങ്ങൾ താമസിക്കുന്നത്. ഭാഷാ ന്യൂനപക്ഷങ്ങളുടെയും അവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടത് തന്നെയാണ്.

ഭരണഘടനയിൽ ന്യൂനപക്ഷ മതവിഭാഗങ്ങളുടെ അവകാശങ്ങളെ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള വ്യവസ്ഥകൾ കൃത്യമായി നിർവചിച്ചിട്ടുണ്ട്. സമത്വം ഉറപ്പുവരുത്തുക, വിവേചനങ്ങൾ ഇല്ലാതാക്കുക, ന്യൂനപക്ഷങ്ങളുടെ സംസ്കാരം സംരക്ഷിക്കുക, ഭാഷാപരമായ അനന്യത നിലനിർത്തുക, സ്വന്തമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുകയും നടത്തിക്കൊണ്ടു പോവുകയും ചെയ്യുക എന്നതാണ്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും വടക്ക്-കിഴക്കൻ സംസ്ഥാനങ്ങളിലും ന്യൂനപക്ഷ അതിക്രമങ്ങൾ വ്യാപകമായി നടക്കുന്നുണ്ട്. രാജ്യത്ത് ന്യൂനപക്ഷ വിഭാഗങ്ങൾക്ക് സ്വാതന്ത്ര്യത്തോടെയും ആത്മവിശ്വാസത്തോടെയും ജീവിക്കാവുന്ന ഏക സംസ്ഥാനം കേരളമാണ്.

ഭൂരിപക്ഷ ജനവിഭാഗത്തോടൊപ്പം നിന്ന് പ്രവർത്തിക്കാനും തുല്യത ഉറപ്പുവരുത്താനും ഭരണഘടന അനുശാസിക്കുന്നു. ഭരണഘടനയുടെ ആർട്ടിക്കിൾ 14 പ്രകാരം എല്ലാ പൗരന്മാർക്കും തുല്യനീതി ഉറപ്പു നൽകുന്നുണ്ട്. ആർട്ടിക്കിൾ 15 പ്രകാരം മതം, വർണ്ണം, ജാതി, ലിംഗം, ജനനസ്ഥലം എന്നിവയിൽ നിന്നുള്ള വേർതിരിവ് നിരോധിച്ചിട്ടുണ്ട്. ആർട്ടിക്കിൾ 29 ഭാഷയും സംസ്കാരവും സംരക്ഷിക്കുന്നതിനുള്ള അവകാശം ഉറപ്പുവരുത്തുന്നുണ്ട്. ആർട്ടിക്കിൾ 30 പ്രകാരം മതഭാഷാ

ന്യൂനപക്ഷങ്ങൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുന്നതിനും നടത്തിക്കൊണ്ട് പോകുന്നതിനും ഉള്ള അവകാശം ഉറപ്പുനൽകുന്നു.

## 2. നവ കേരള സൃഷ്ടിയും ന്യൂനപക്ഷക്ഷേമവും

രാജ്യത്തിന്റെ വൈവിധ്യങ്ങളെ നിലനിർത്തിക്കൊണ്ട് ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാനുള്ള ശ്രമമാണ് നടപ്പിലാക്കേണ്ടത്. ന്യൂനപക്ഷങ്ങൾക്കും ഭൂരിപക്ഷങ്ങൾക്കും ഇടയിലുള്ള ഒരു പാലം പണിതു കൊണ്ടാണ് ക്ഷേമപ്രവർത്തനം നടപ്പിലാക്കേണ്ടത്. കേവലം സ്കോളർഷിപ്പുകളിലോ പെൻഷനുകളിലോ താൽക്കാലിക സാമ്പത്തിക സഹായങ്ങൾക്കുപരി സ്വയമേ ജീവിക്കാനും തൊഴിൽ കണ്ടെത്താനും സ്വയംപര്യാപ്തത കൈവരിക്കാനും ഉള്ള സഹായങ്ങൾ നൽകുകയാണ് വേണ്ടത്.

സ്കോളർഷിപ്പുകൾ മാത്രമല്ല കുട്ടികളെ കൂടുതൽ ഉത്തരവാദിത്വമുള്ളവരാക്കി മാറ്റി തീർക്കുന്നതിന് ന്യൂനപക്ഷ വിഭാഗത്തിലെ കുട്ടികളെ എൻ.എസ്.എസ്, എൻ.സി.സി, സ്കൗട്ട്/ഗൈഡ് തുടങ്ങി കോളേജ് സ്കൂൾ തലങ്ങളിൽ നടപ്പിലാക്കിവരുന്ന എല്ലാ പ്രവർത്തനങ്ങളിലും പങ്കാളികളാക്കാൻ ശ്രദ്ധിക്കണം. ഒപ്പം കരിയർ ഗൈഡൻസ് പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകണം. ന്യൂനപക്ഷ സമുദായങ്ങളെ ശാക്തീകരിക്കാൻ വേണ്ടി സംരംഭകത്വ പരിശീലനം നൽകുക വഴി സ്വയം പര്യാപ്തമാക്കാനുള്ള ശ്രമങ്ങൾ നടത്തണം.

സംസ്ഥാന സർവീസിലും കേന്ദ്ര സർവീസിലെ ന്യൂനപക്ഷ പ്രാതിനിത്യം ഇപ്പോഴും ശരിയായ അനുപാതത്തിൽ ആയിട്ടില്ല. അതിനു വേണ്ടിയുള്ള ശ്രമങ്ങൾ കൂടുതൽ ശക്തിപ്പെടുത്തണം. ചില രാജ്യങ്ങളിൽ സൈനിക പരിശീലനം പഠന പ്രവർത്തനത്തിന്റെ ഭാഗമാണ് സൈന്യത്തിൽ ന്യൂനപക്ഷ പ്രാതിനിധ്യം കുറവാണ് നമ്മുടെ വിദ്യാർഥികളെ ചോക്ലേറ്റ് ബേബികൾ ആക്കി മാറ്റാതെ സൈനിക പരീശീലനം ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് കൂടി സാധ്യമാക്കണം.

സർവ്വോപരി എല്ലാ ആനുകൂല്യങ്ങളും അർഹരായവർക്ക് മാത്രമാണ് ലഭ്യമാകുന്നത് എന്ന് ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഉറപ്പ് വരുത്തണം. കേരളത്തിലെ തരിശുഭൂമികളായി വെറുതെ കിടക്കുന്ന ഭൂമി ഏറ്റെടുത്ത് കാർഷിക വകുപ്പുമായി സഹകരിച്ച് ലോൺ സഹായവും മറ്റും നൽകി

കാർഷിക പരിശീലനം നടത്തണം.| പാലോളി കമ്മീഷൻ റിപ്പോർട്ട്, ജെബി കോശി കമ്മീഷൻ റിപ്പോർട്ട് തുടങ്ങിയവയിലെ നിർദ്ദേശങ്ങൾ പൂർണമായി നടപ്പിലാക്കാൻ സർക്കാറുകൾ ശ്രമിക്കണം.

2021 ൽ സെൻസസ് നടക്കാത്തതിനാൽ മൈനോരിറ്റി വിഭാഗത്തിന്റെ ഒരു കൃത്യം കണക്ക് പറയാൻ സാധിക്കാത്ത അവസ്ഥയാണ്. ന്യൂനപക്ഷ വിഭാഗത്തിൽ സ്ത്രീ ശാസ്ത്രീകരണം അത്യന്താപേക്ഷിതമാണ്. ഒരു സ്ത്രീ ശാക്തീകരിക്കപ്പെടുമ്പോൾ ഒരു കുടുംബമാണ് ശാക്തീകരിക്കപ്പെടുന്നത്. ആരോഗ്യരംഗം, വാക്സിനേഷൻ പൂർണ്ണത തുടങ്ങിയവയിൽ ന്യൂനപക്ഷ വകുപ്പ് ശ്രദ്ധ ചെലുത്തേണ്ടതാണ്.

ബിസിനസ് രംഗത്ത് ശോഭിക്കുന്നതിന് വേണ്ടി ധനസഹായം ലഭിക്കുന്നതിന് ഈടു വെക്കാൻ ഒന്നും ഇല്ലാത്തതിനാൽ ലോൺ സൗകര്യം ലഭിക്കാത്ത അവസ്ഥയാണ്. ഇത്തരം സാഹചര്യങ്ങളിൽ ബിസിനസ് രംഗം വളർത്തിയെടുക്കുന്നതിനുവേണ്ടി ന്യൂനപക്ഷ വിഭാഗത്തിന് കരുതൽ അത്യന്താപേക്ഷിതമാണ്.

ന്യൂനപക്ഷ ക്ഷേമത്തിനു എം.എൽ.എ ഫണ്ടും എം.പി ഫണ്ടും വിനിയോഗിച്ച് പദ്ധതികൾ നടപ്പിലാക്കണം. മൈനോറിറ്റിയുടെ ലാംഗ്വേജ് ഇംപ്രൂവ്മെന്റ്,പ്രവാസിവിഷയങ്ങൾ, ഇൻഫ്രാസ്ട്രക്ചർ കുറവ്, മത്സ്യതൊഴിലാളി മേഖലകളിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ, സംരംഭങ്ങളുടെ വികസനം തുടങ്ങിയ വിഷയങ്ങളിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഇടപെടണം. മൈനോറിറ്റി കൾച്ചറൽ സെന്റർ സ്ഥാപിക്കണം.

രാഷ്ട്രീയ രംഗത്തെ ന്യൂനപക്ഷ സാന്നിധ്യം കുറഞ്ഞുവരുന്നു. പ്രത്യേകിച്ച് സ്ത്രീകളുടെ സാന്നിധ്യം ഉറപ്പുവരുത്തേണ്ടത് സംഘടനകളുടെ ഉത്തരവാദിത്തമാണ്. ന്യൂനപക്ഷസംരക്ഷണത്തിന് ഒരു കേരളം മോഡൽ വികസനം തന്നെയാണ് കേരള സർക്കാർ നടപ്പിലാക്കുന്നതെങ്കിലും കൂടുതലായി ന്യൂനപക്ഷ വിഭാഗത്തിന്റെ പ്രശ്നങ്ങളിൽ ഇടപെടേണ്ടതാണ്.

ന്യൂനപക്ഷ വിഭാഗത്തിലെ യുവാക്കളെ യുവതികളെയും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് വേണ്ടി കേരളത്തിലെ 14 ജില്ലകളിൽ പ്രവർത്തിച്ചുവരുന്ന സി.സി.എം.വൈ (സെന്റർ ഫോർ മൈനോരിറ്റി യൂത്ത്) പ്രവർത്തനം കൂടുതൽ മികവിറ്റതാക്കുന്നതിന് വേണ്ടി ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങൾ സ്വന്തം കെട്ടിടത്തിലേക്ക് മാറ്റേണ്ടത് അത്യാവശ്യമാണ്. ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങളുടെ പരിശീലനം ആവശ്യാനുസരണം മത്സരപരീക്ഷകളുടെ (PSC, UPSC, RRB,

SSCETC) നോട്ടിഫിക്കേഷൻ അടിസ്ഥാനത്തിൽ ആയിരിക്കണം. ക്രാഷ് കോഴ്സുകൾ കൂടി ഉൾപ്പെടുത്തണം.

40% അധികം ന്യൂനപക്ഷങ്ങൾ പഠിക്കുന്ന സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സ്പെഷ്യൽ ഇൻഫ്രാസ്ട്രക്ചർ ക്വാളിറ്റി എൻഹാൻസ്മെന്റ് പ്രൊജക്റ്റ് നടപ്പിലാക്കണം. ന്യൂനപക്ഷ വകുപ്പ് ഫുൾ ഫ്ളഡ്ജ് ആക്കുക. ജില്ലാ മൈനോറിറ്റി സെൽ ഡിപ്പാർട്ട്മെന്റ് ആക്കുക. അതി സൂക്ഷ്മ ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക പാക്കേജ് നൽകുക. PMJVK പദ്ധതികൾ സമഗ്രമായി, തദ്ദേശസ്വയംഭരണ, വിദ്യാഭ്യാസ, ഹെൽത്ത്, സ്പോർട്സ്,കൾച്ചർ, റവന്യൂ, ഫിനാൻസ് എന്നീ വകുപ്പുകളുമായി സഹകരിച്ച് നടപ്പിലാക്കുക.

ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങളിലെ റിസൾട്ട് വർദ്ധിപ്പിക്കുന്നതിന് വേണ്ടി മികച്ച രീതിയിലുള്ള പരിശീലനം ഉറപ്പുവരുത്തുക. ന്യൂനപക്ഷ അവകാശലംഘനത്തിൽ ഇടപെടുക. ന്യൂനപക്ഷ ബഹുസ്വര നവീകരണത്തിനും സൗഹൃദത്തിനും പദ്ധതി ഉണ്ടാക്കുക.

## 3: സൂക്ഷ്മ ന്യൂനപക്ഷങ്ങൾ- പ്രശ്നങ്ങളും പരിഹാരങ്ങളും

2019 മുതൽ ന്യൂനപക്ഷ കമ്മീഷൻ വേണ്ട രീതിയിൽ ഇടപെടുന്നുണ്ടെങ്കിലും ജൈന വിഭാഗത്തിന് അർഹമായ ഒരു അംഗീകാരവും ലഭിക്കുന്നില്ല. സ്കോളർഷിപ്പ്, ജാതി സർട്ടിഫിക്കറ്റ് തുടങ്ങിയ നിരവധി ആവശ്യങ്ങൾക്കായി ആറുവർഷമായി നിരന്തരം വിവിധ ഓഫീസുകൾ കയറി ഇറങ്ങുന്നു. ഓരോ ഓഫീസുകളും അവരുടെ പരിമിതികൾ ബോധ്യപ്പെടുത്തി പറഞ്ഞയക്കുന്നു ഉന്നത പഠനത്തിനോ, വിദേശത്ത് ജോലിക്ക് പോകുമ്പോൾ ലഭിക്കേണ്ട ഒരു പരിഗണനയും ജൈന വിഭാഗത്തിന് ലഭിക്കുന്നില്ല. വയനാട് ജില്ലയിലാണ് ജൈനമത വിഭാഗം കൂടുതലായി താമസിക്കുന്നത്. എന്നാൽ ഏതൊരു ആവശ്യത്തിനും കോഴിക്കോട് ജില്ലയിൽ എത്തേണ്ട അവസ്ഥയാണ്. ഡിപ്പാർട്ട്മെന്റ് ജില്ലാതലത്തിൽ വന്നാൽ ഈ ബുദ്ധിമുട്ട് ഒഴിവാക്കാവുന്നതാണ്.

വിദ്യാഭ്യാസ രംഗത്ത് പല ഉയർന്ന ജോലികൾക്കും എൻട്രൻസ് ആവശ്യമാണ്. പ്രത്യേകിച്ച് നീറ്റ്, കീമുകൾ പോലുള്ള പരീക്ഷകൾക്ക്. ആ സമയങ്ങളിൽ ജൈനമതക്കാർ ജനറൽ വിഭാഗത്തിലാണ് വരുന്നത്.അതിനു മാറ്റം വരണം. വിധവകൾക്ക് വീടിനുള്ള ധനസഹായം സൂക്ഷ്മ മൈനോരിറ്റി

വിഭാഗത്തിന് കിട്ടുന്നത് തുച്ഛമായ എണ്ണം മാത്രമാണ്.ജൈനമത വിഭാഗത്തിന് ഒരു കമ്മ്യൂണിറ്റി ഹാൾ അത്യാവശ്യമാണ്. ജൈനമത വിഭാഗത്തിലെ അഞ്ചു ശതമാനം ആളുകൾ മാത്രമാണ് സാമ്പത്തികമായി കുറച്ചെങ്കിലും ബുദ്ധിമുട്ട് അനുഭവിക്കാത്തവരായുള്ളത്. ബാക്കിയുള്ള 95 ശതമാനം ആളുകളും സാമ്പത്തികമായി വളരെ പിന്നോക്കാവസ്ഥയിലാണ്. വകുപ്പിന്റെ ഭാഗത്തുനിന്നും സാമ്പത്തിക സാമൂഹിക വിദ്യാഭ്യാസപരമായ മുന്നേറ്റത്തിന് ജൈന മത വിഭാഗത്തിന് സഹായം അനിവാര്യമാണ്.

ബുദ്ധമതഭാഷയായ പാലി യും ബുദ്ധമത സംസ്കാരവും സംരക്ഷിക്കണം. ബുദ്ധമത സംസ്കാരവും പാരമ്പര്യവും സംരക്ഷിക്കുന്നതിന് വേണ്ടി ഒരു സാംസ്കാരിക പൈതൃക കേന്ദ്രം സ്ഥാപിക്കണം. മൈക്രോ ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ പഠിക്കാൻ ഒരു പ്രത്യേക കമ്മീഷൻ നിയോഗിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക ക്ഷേമ വികസന പാക്കേജ് നടപ്പാക്കുകയും വേണം.

അനാഥമായി കിടക്കുന്ന മാവേലിക്കരയിലെ ബുദ്ധ പ്രതിമയോട് ചേർന്ന് ഒരു ബുദ്ധിസ്റ്റ് കേന്ദ്രം സ്ഥാപിക്കണം. ബുദ്ധമത പഠന കേന്ദ്രവും അതുപോലെ തന്നെ ഒരു മെഡിറ്റേഷൻ സെന്ററും സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

സിഖ് മത വിഭാഗക്കാരുടെ ജീവിതത്തിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നല്ല പിന്തുണയാണ് ലഭിക്കുന്നത്. എല്ലാ ന്യൂനപക്ഷ പ്രവർത്തനങ്ങളിലും ഇവരെയും പങ്കാളികളാക്കണം. ന്യൂനപക്ഷ സമിതികളിൽ സിഖുകാരെ കൂടി അംഗങ്ങളാക്കിക്കൊണ്ട് കൃത്യമായ ഒരു പങ്കാളിത്തം ഈ വിഭാഗത്തിന് ലഭിക്കണം.

ആംഗ്ലോ ഇന്ത്യൻ കമ്മ്യൂണിറ്റിയുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു ആംഗ്ലോ ഇന്ത്യൻ കമ്മീഷനെ നിയോഗിക്കണം. വലിയ രീതിയിൽ തൊഴിൽ നഷ്ടം അനുഭവിക്കുന്ന ഒരു വിഭാഗമാണ് ആംഗ്ലോ ഇന്ത്യൻ വിഭാഗം. അതുകൊണ്ട് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണം. ആംഗ്ലോ ഇന്ത്യൻ പ്രതിനിധികൾക്ക് വേണ്ടി ചരിത്ര മ്യൂസിയം സ്ഥാപിക്കണം.

ബുദ്ധമതത്തിന് കേരളത്തിൽ ആരാധനാലയങ്ങൾ നിർമ്മിക്കാൻ ഭൂമി വേണം. മതപ്രചരണത്തിന് പ്രത്യേക ഫണ്ട് അനുവദിക്കണം, പ്രോത്സാഹിപ്പിക്കണം. ബുദ്ധമത സംസ്കാരിക പ്രവർത്തനത്തിന് ന്യൂനപക്ഷ വകുപ്പിന്റെ ഭാഗത്തുനിന്നും ഇടപെടൽ നടത്തണം.

## വിഷൻ 31-ന്റെ ഭാഗാമയി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

1. മെഡിക്കൽ – എഞ്ചിനീയറിംഗ് പരീക്ഷാ പരിശീലനം
2. മൈനോറിറ്റി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്
3. സൈനിക – അർദ്ധ സൈനിക മേഖലയിലേക്കുള്ള പരിശീലന കേന്ദ്രം
4. ചീഫ് മിനിസ്റ്റേഴ്സ് റിസർച്ച് ഫെലോഷിപ്പ് ഫോർ മൈനോറിറ്റീസ്
5. സിവിൽ സർവീസ് പരീക്ഷ പരിശീലന കേന്ദ്രങ്ങൾ
6. ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾക്കുള്ള സ്വയംതൊഴിൽ പദ്ധതി
7. KASE, ASAP, ഡിജിറ്റൽ യൂണിവേഴ്സിറ്റി എന്നിവ വഴി ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ആധുനിക സാങ്കേതിക വിദ്യയിൽ പരിശീലനം
8. ന്യൂനപക്ഷ സമുദായങ്ങളിൽ പാരമ്പര്യമായി നിലനിന്നിരുന്ന കലാരൂപങ്ങളെ പരിപോഷണത്തിനായി ആക്കാദമി സ്ഥാപിക്കും
9. സൂക്ഷ്മ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് തൊഴിൽ ശാക്തീകരണം, സ്വയംതൊഴിൽ സംരംഭകത്വ സഹായം, ഉന്നത പഠനത്തിനുള്ള പിന്തുണ
10. സൂക്ഷ്മ ന്യൂനപക്ഷങ്ങളിലെ സാംസ്കാരിക പൈതൃക സംരക്ഷണം.
11. ക്രിസ്ത്യൻ വിഭാഗത്തിന്റെ സാമൂഹ്യ – സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച് പഠനം നടത്തി സമർപ്പിച്ച ജെ.ബി കോശി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ താമസംവിനാ നടപ്പാക്കും.
12. റെയിൽവേ, ബാങ്കിംഗ് സെക്ടറിലേക്കുള്ള പരീക്ഷാ പരിശീലനം വിപുലമാക്കും
13. ന്യൂപക്ഷ വിഭാഗത്തിലെ വനിതകൾക്ക് തൊഴിൽ അഭിരുചി പരിശീലനത്തിന് സഹായകമായ പദ്ധതികൾക്ക് രൂപം നൽകും
14. തീരദേശമേഖലയിലെ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് അനുഗുണമായ ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കും

കേരള സർക്കാർ

# ന്യൂനപക്ഷ ക്ഷേമ വകുപ്പ്

# വിഷൻ 2031

## കരട് നയരേഖ





**സംസ്ഥാനതല സെമിനാർ**

വെളി ഗ്രൗണ്ട്, എറണാകുളം

2025 ഒക്ടോബർ - 16 വ്യാഴം

# കരട് നയരേഖ

അവതരണം

## ശ്രീ.വി.അബ്ദുറഹിമാൻ

ബഹു.ന്യൂനപക്ഷക്ഷേമം-കായികം-വഖഫ്,
ഹജ്ജ് തീർത്ഥാടനം,
റെയിൽവേ-പോസ്റ്റൽ & ടെലിഗ്രാഫ്
വകുപ്പ് മന്ത്രി

# മുഖവുര

ആധുനിക കേരളത്തെ രൂപപ്പെടുത്തുന്നതിനായി ചടുലമായ നീക്കങ്ങളാണ് സംസ്ഥാന സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഒരു മതനിരപേക്ഷ സമൂഹത്തിൽ ന്യൂനപക്ഷങ്ങളുടെ സാമൂഹിക വിദ്യാഭ്യാസ സാമ്പത്തിക പുരോഗതി വളരെ പ്രധാനപ്പെട്ടതാണ്. 2011 സെൻസസ് പ്രകാരം കേരളത്തിൽ 26.56% പേർ (ഏകദേശം 88.73 ലക്ഷം) മുസ്ലീം വിഭാഗത്തിലും, 18.38% പേർ (ഏകദേശം 61.41 ലക്ഷം) ക്രിസ്ത്യൻ വിഭാഗത്തിലും, 0.014% പേർ ബുദ്ധ വിഭാഗത്തിലും, 0.013% പേർ ജൈന വിഭാഗത്തിലും, 0.11% പേർ സിഖ്, പാഴ്സി വിഭാഗത്തിലും ഉൾപ്പെടുന്നുണ്ട്. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതും പ്രോത്സാഹിപ്പിക്കുന്നതും അതതു രാജ്യത്തിന്റെ രാഷ്ട്രീയ സാമൂഹിക സ്ഥിരതയിൽ പ്രധാനമാണെന്ന് ദേശീയ മത, ഭാഷ, വംശ ന്യൂനപക്ഷ അവകാശ സംരക്ഷണത്തിനായുള്ള ഐക്യരാഷ്ട്രസഭാ പ്രഖ്യാപനം പറയുന്നു. ഇന്ത്യൻ മുസ്ലിങ്ങളുടെ വിദ്യാഭ്യാസ-സാമൂഹിക, സാമ്പത്തിക മേഖലകളിലെ സ്ഥിതിവിവരക്കണക്കുകളും, അവസ്ഥാവിശേഷങ്ങളും പരിശോധിച്ച് അവയുടെ വിദ്യാഭ്യാസ-സാമൂഹിക, സാമ്പത്തിക ഉന്നമനത്തിനായി ജസ്റ്റിസ് രജീന്ദർ സച്ചാറിന്റെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ശ്രീ.പാലോളി മുഹമ്മദ്കുട്ടിയുടെ അധ്യക്ഷതയിൽ ശുപാർശകൾ തയ്യാറാക്കുകയുണ്ടായി. പാലോളി കമ്മിറ്റി ശുപാർശകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ 2008-ൽ സംസ്ഥാന ഭരണസിരാ കേന്ദ്രത്തിൽ പൊതുഭരണ വകുപ്പിന് കീഴിൽ ന്യൂനപക്ഷ സെൽ പ്രവർത്തനമാരംഭിക്കുകയും തുടർന്ന് 2011-ൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് ആരംഭിക്കുകയും ചെയ്തു. പാലോളി കമ്മിറ്റി ശുപാർശകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആയിരക്കണക്കിന് അഭ്യസ്തവിദ്യരായ ന്യൂനപക്ഷങ്ങളെ സർക്കാർ സർവ്വീസിലേക്ക് കൈപിടിച്ചു കൊണ്ടുവന്ന സംസ്ഥാനത്ത് 14 ജില്ലകളിലായി 24 ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങളും, ടി പരിശീലനകേന്ദ്രങ്ങൾക്ക് കീഴിലായി 28 ഉപ പരിശീലനകേന്ദ്രങ്ങളും, പഠന നിലവാരത്തിൽ മുന്നോക്കം നിൽക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി നടപ്പിലാക്കിയ വിവിധ സ്കോളർഷിപ്പ് പദ്ധതികൾ, വിദ്യാർത്ഥികളുടെ കഴിവ് തിരിച്ചറിഞ്ഞ് മുന്നേറാൻ സഹായിക്കുന്ന വ്യക്തിത്വ വികസന കരിയർ ഗൈഡൻസ് പരിശീലനമായ പാസ് വേഡ് പദ്ധതി, ന്യൂനപക്ഷ യുവതയ്ക്കായുള്ള വിവാഹ പൂർവ്വ കൗൺസിലിങ്, പിന്നോക്കം നിൽക്കുന്ന ന്യൂനപക്ഷ പ്രദേശങ്ങളിലെ ബഹുമുഖ വികസനം ലക്ഷ്യമാക്കി നടപ്പിലാക്കിയ പ്രധാൻ മന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതി, അർഹരായ ന്യൂനപക്ഷ വിഭാഗത്തിൽപെട്ടവർക്കുള്ള ഇമ്പിച്ചിബാവ ഭവന പുനരുദ്ധാരണ പദ്ധതി എന്നിവയിലൂടെ സുവർണ്ണ ചരിതം രചിച്ചു മുന്നേറുകയാണ് സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ്. വിവിധ സ്കോളർഷിപ്പ് പദ്ധതികളിലൂടെ നാളിതുവരെ ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ നിന്നും 323753 വിദ്യാർത്ഥികൾ സ്കോളർഷിപ്പുകൾക്ക് അർഹരായിട്ടുണ്ട്.

ക്രിസ്ത്യൻ ന്യൂനപക്ഷ വിഭാഗത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഒന്നാം പിണറായി സർക്കാരിന്റെ കാലത്താണ് ജസ്റ്റിസ്.ജെ.ബി.കോശി കമ്മീഷനെ നിയോഗിച്ചത്. കമ്മീഷൻ റിപ്പോർട്ടിലെ 284 ശുപാർശകളിൽ 186 എണ്ണം വിവിധ വകുപ്പുകൾ നടപ്പാക്കിയിട്ടുണ്ട്. 12 ശുപാർശകൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാനുള്ള നടപടി പുരോഗമിക്കുന്നു. ബാക്കി ശുപാർശകൾ കൂടി നടപ്പാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

ഇതിൽ റവന്യൂവകുപ്പിൽ 47 ശുപാർശകൾ നൽകിയതിൽ 14 എണ്ണത്തിൽ നടപടി സ്വീകരിക്കുകയും 21 എണ്ണത്തിൽ നടപടി പുരോഗമിച്ചു വരികയും ചെയ്യുന്നു. പിന്നോക്ക വിഭാഗ വികസന വകുപ്പിൽ 25 ശുപാർശകൾ നൽകിയതിൽ 1 എണ്ണത്തിൽ നടപടി പൂർത്തിയാകുകയും 18 എണ്ണത്തിൽ നടപടി പുരോഗമിച്ചു വരികയും ചെയ്യുന്നു. ന്യൂനപക്ഷക്ഷേമ വകുപ്പിൽ 41 ശുപാർശകൾ നൽകിയതിൽ 17 എണ്ണത്തിൽ നടപടി പൂർത്തിയാകുകയും 14 എണ്ണത്തിൽ നടപടി പുരോഗമിച്ചു വരികയും 2 ശുപാർശകൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നു. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൽ 17 ശുപാർശകൾ നൽകിയതിൽ 2 എണ്ണത്തിൽ നടപടി സ്വീകരിക്കുകയും 12 എണ്ണത്തിൽ നടപടി പുരോഗമിച്ചു വരികയും ചെയ്യുന്നു. ജലവിഭവ വകുപ്പിൽ 18ശുപാർശകൾ നൽകിയതിൽ 7 എണ്ണത്തിൽ നടപടി സ്വീകരിക്കുകയും 10 എണ്ണത്തിൽ നടപടി പുരോഗമിച്ചു വരികയും ചെയ്യുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിൽ 55 ശുപാർശകൾ നൽകിയതിൽ 6 എണ്ണത്തിൽ നടപടി പൂർത്തിയാകുകയും 9 എണ്ണത്തിൽ നടപടി പുരോഗമിച്ചു വരികയും 1 എണ്ണം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നു. പൊതു വിദ്യാഭ്യാസ വകുപ്പിൽ 43 ശുപാർശകൾ നൽകിയതിൽ 10 എണ്ണത്തിൽ നടപടി പൂർത്തിയാകുകയും 9 എണ്ണത്തിൽ നടപടി പുരോഗമിച്ചു വരികയും 4 എണ്ണം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നു. പൊതുഭരണ വകുപ്പിൽ 11 ശുപാർശകൾ നൽകിയതിൽ 3 എണ്ണത്തിൽ നടപടി സ്വീകരിക്കുകയും 6 എണ്ണത്തിൽ നടപടി പുരോഗമിച്ചു വരികയും ചെയ്യുന്നു. മത്സ്യബന്ധന വകുപ്പിൽ 64 ശുപാർശകൾ നൽകിയതിൽ 50 എണ്ണത്തിൽ നടപടി സ്വീകരിക്കുകയും 6 എണ്ണത്തിൽ നടപടി പുരോഗമിച്ചു വരികയും ചെയ്യുന്നു. ആരോഗ്യ വകുപ്പിൽ 35 ശുപാർശകൾ നൽകിയതിൽ 3 എണ്ണത്തിൽ നടപടി സ്വീകരിക്കുകയും 5 എണ്ണത്തിൽ നടപടി പുരോഗമിച്ചു വരികയും ചെയ്യുന്നു. കൃഷി വകുപ്പിൽ 25 ശുപാർശകൾ നൽകിയതിൽ 14 എണ്ണത്തിൽ നടപടി സ്വീകരിക്കുകയും 4 എണ്ണത്തിൽ നടപടി പുരോഗമിച്ചു വരികയും ചെയ്യുന്നു. വനം-വന്യജീവി വകുപ്പിൽ 18 ശുപാർശകൾ നൽകിയതിൽ 5 എണ്ണത്തിൽ നടപടി പൂർത്തിയാകുകയും 4 എണ്ണത്തിൽ നടപടി പുരോഗമിച്ചു വരികയും 1 ശുപാർശ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നു. പരിസ്ഥിതി വകുപ്പിൽ 6 ശുപാർശകൾ നൽകിയതിൽ 3 എണ്ണത്തിൽ നടപടി പുരോഗമിച്ചു വരുന്നു. സഹകരണ വകുപ്പിൽ 13 ശുപാർശകൾ നൽകിയതിൽ 3 എണ്ണത്തിൽ നടപടി സ്വീകരിക്കുകയും 2 എണ്ണത്തിൽ നടപടി പുരോഗമിച്ചു വരികയും ചെയ്യുന്നു. സാമൂഹ്യനീതി വകുപ്പിൽ 11 ശുപാർശകൾ നൽകിയതിൽ 2 എണ്ണത്തിൽ നടപടി പൂർത്തിയാകുകയും 2 എണ്ണത്തിൽ നടപടി പുരോഗമിച്ചു വരികയും 1 ശുപാർശ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നു. ശാസ്ത്രസാങ്കേതിക വകുപ്പിൽ 2 ശുപാർശകൾ നൽകിയതിൽ 1 എണ്ണത്തിൽ നടപടി പുരോഗമിച്ചു വരികയും 1 ശുപാർശ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നു. ഉന്നതവിദ്യാഭ്യാസ വകുപ്പിൽ 50 ശുപാർശകൾ നൽകിയതിൽ 24 എണ്ണത്തിൽ നടപടി സ്വീകരിക്കുകയും 1 എണ്ണത്തിൽ നടപടി പുരോഗമിച്ചു വരികയും ചെയ്യുന്നു. വിനോദ സഞ്ചാര വകുപ്പിൽ 5 ശുപാർശകൾ നൽകിയതിൽ 2 എണ്ണത്തിൽ നടപടി സ്വീകരിക്കുകയും 1 എണ്ണത്തിൽ നടപടി പുരോഗമിച്ചു വരികയും ചെയ്യുന്നു. കായിക-യുവജനകാര്യ വകുപ്പിൽ 1 ശുപാർശ നൽകിയതിൽ നടപടി പുരോഗമിച്ചു വരുന്നു. സാംസ്കാരിക വകുപ്പിൽ 6 ശുപാർശകൾ നൽകിയതിൽ 1 എണ്ണത്തിൽ നടപടി സ്വീകരിക്കുകയും 1 എണ്ണത്തിൽ നടപടി പുരോഗമിച്ചു വരികയും ചെയ്യുന്നു.

നിയമ വകുപ്പിൽ 2ശുപാർശകൾ നൽകിയതിൽ 1 എണ്ണത്തിൽ നടപടി സ്വീകരിക്കുകയും 1 എണ്ണത്തിൽ നടപടി പുരോഗമിച്ചു വരികയും ചെയ്യുന്നു. നികുതി വകുപ്പിൽ 1 ശുപാർശ നൽകിയതിൽ നടപടി സ്വീകരിച്ചു വരുന്നു. പൊതുമരാമത്ത് വകുപ്പിൽ 2 ശുപാർശകൾ നൽകിയതിൽ നടപടി സ്വീകരിച്ചു വരുന്നു. മൃഗ സംരക്ഷണ വകുപ്പിൽ 2 ശുപാർശകൾ നൽകിയതിൽ നടപടി സ്വീകരിച്ചു വരുന്നു. തുറമുഖ വകുപ്പിൽ 1 ശുപാർശ നൽകിയതിൽ നടപടി സ്വീകരിച്ചു വരുന്നു. ധനകാര്യ വകുപ്പിൽ 11 ശുപാർശകൾ നൽകിയതിൽ നടപടി സ്വീകരിച്ചു വരുന്നു. വനിത-ശിശു വികസന വകുപ്പിൽ 3 ശുപാർശകൾ നൽകിയതിൽ 1 എണ്ണത്തിൽ നടപടി സ്വീകരിച്ചു. ആഭ്യന്തര വകുപ്പിൽ 6ശുപാർശകൾ നൽകിയതിൽ 4 എണ്ണത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു. തൊഴിൽ വകുപ്പിൽ 10 ശുപാർശകൾ നൽകിയതിൽ 6 എണ്ണത്തിൽ നടപടി സ്വീകരിച്ചു. കോസ്റ്റൽ ഷിപ്പിംഗ് വകുപ്പിൽ 2 ശുപാർശകൾ നൽകിയതിൽ 1 എണ്ണത്തിന് നടപടി സ്വീകരിച്ചു. ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ 4 ശുപാർശകൾ നൽകിയതിൽ 3 എണ്ണത്തിൽ നടപടി സ്വീകരിച്ചു. വ്യവസായ വകുപ്പിൽ 3 ശുപാർശകൾ നൽകിയതിൽ 2 എണ്ണത്തിൽ നടപടി സ്വീകരിച്ചു. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ 1 ശുപാർശ നൽകിയതിൽ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. ഈ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും ചീഫ് സെക്രട്ടറിയെ ബഹു.മുഖ്യമന്ത്രി ചുമതലപ്പെടുത്തിയിട്ടുണ്ട്.

2011-ലെ സെൻസസ് അനുസരിച്ചുള്ള 0.014%-ബുദ്ധ, 0.013%-ജൈന, 0.11% സിഖ്, പാഴ്സി എന്നീ സൂക്ഷ്മ ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ മേഖലകളിലെ പ്രശ്നങ്ങൾ ക□ത്തുന്നതിനും ആയത് പരിഹരിക്കുന്നതിനും സംസ്ഥാന സർക്കാർ ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖാന്തിരം പ്രവർത്തനങ്ങൾ നടത്തി വരികയാണ്.

കേരളത്തിലെ തൊഴിലില്ലായ്മയുടെ ആകെ ഘടന15-29 വയസ്സുള്ളവരിൽ തൊഴിൽരഹിതരുടെ ശതമാനം 29.9% ആണ്. പുരുഷന്മാരിൽ 19.3%, സ്ത്രീകളിൽ 47.1% ആണ് ഈ പ്രായത്തിലുള്ള തൊഴിലില്ലായ്മ. ന്യൂനപക്ഷക്ഷേമ വകുപ്പ് സംസ്ഥാനത്തുടനീളമുള്ള പരിശീലനകേന്ദ്രങ്ങളും ഉപ പരിശീലനകേന്ദ്രങ്ങളും വഴി 75,525 ഓളം അഭ്യസ്ത വിദ്യർക്ക് പി.എസ്.സി പരിശീലനം നൽകുകയും 4330 ഓളം പേരെ സർക്കാർ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ടെങ്കിലും 2025-ലെ സർവേ കണക്കുകൾ സൂചിപ്പിക്കുന്നത് മുസ്ലിം വിഭാഗത്തിലെ 18.2% ആയുള്ള തൊഴിലില്ലായ്മ, പിന്നോക്ക ഹിന്ദു 13.6%, മുന്നോക്ക ഹിന്ദു 11.7%, പിന്നോക്ക ക്രിസ്ത്യൻ 14.1%, മുന്നോക്ക ക്രിസ്ത്യൻ 15%, എസ്.സി 16.9%, എസ്.ടി 17.5% തുടങ്ങിയവ പോലെയാണ്. ഇതിൽ നിന്നും വ്യക്തമാകുന്നത് കേരളത്തിലെ ന്യൂനപക്ഷ വിഭാഗങ്ങളിലെ തൊഴിലില്ലായ്മ വളരെ ഉയർന്നതാണെന്നാണ്. ഈ അഞ്ചുവർഷ പദ്ധതിയിലൂടെ, വിദ്യാഭ്യാസത്തിലും തൊഴിലിലും, ആരോഗ്യത്തിലും, സാംസ്കാരിക ഇടപെടലുകളിലും ന്യൂനപക്ഷ വിഭാഗങ്ങൾ കേരളത്തിന്റെ പ്രഥമ നേതൃത്വ സ്ഥാനത്ത് എത്തിക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ന്യൂനപക്ഷ വിഭാഗങ്ങളുടെയും സൂക്ഷ്മ ന്യൂനപക്ഷ വിഭാഗങ്ങളുടെയും പൊതുവായ അഭിവൃദ്ധിയോടൊപ്പം തന്നെ തീരദേശമേഖലയിൽ താമസിക്കുന്ന വളരെ പിന്നോക്കം ചെന്ന വിഭാഗങ്ങളുടെ പ്രശ്നങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നതിനും അവർക്ക് വിദ്യാഭ്യാസവും തൊഴിലും നൽകി സമൂഹത്തിന് മുൻപന്തിയിലേക്ക് കൊണ്ടുവരികയും ചെയ്യുക എന്നതാണ് വിഷൻ-2031 എന്നതിൽ സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് ലക്ഷ്യം വെക്കുന്നത്.

* * * * * * * * * * * * * * *

## ന്യൂനപക്ഷ യുവതയ്ക്ക് കേന്ദ്രസർവ്വീസ് കൈയ്യെത്തും ദൂരത്ത്

ജനസംഖ്യാനുപാതികമായി സർക്കാർ സർവ്വീസുകളിലെ ന്യൂനപക്ഷ പ്രാതിനിധ്യക്കുറവ് ഏറെ ചർച്ചകൾക്കും വിവാദങ്ങൾക്കും ഇടവരുത്തിയിട്ടുണ്ട്. സർക്കാർ സർവ്വീസുകളിലെ ന്യൂനപക്ഷ പ്രാതിനിധ്യത്തെക്കുറിച്ച് സച്ചാർ കമ്മീഷൻ റിപ്പോർട്ടിൽ ഇതിനെക്കുറിച്ച് സമഗ്രമായി പ്രതിപാദിക്കുന്നുണ്ട്. അത്തരമൊരു ഘട്ടത്തിലാണ് നാം നടപ്പിലാക്കിയ ന്യൂനപക്ഷ യുവജന പരിശീലനകേന്ദ്രങ്ങൾ ശ്രദ്ധേയമായത്. പി.എസ്.സി പരിശീലനകേന്ദ്രങ്ങൾ സമ്പൂർണ്ണമായി വിജയിച്ച സാഹചര്യത്തിൽ പുതിയ ആശയങ്ങൾ തുടി കൊട്ടുണരണം. സംസ്ഥാന സർക്കാരിലെ ന്യൂനപക്ഷ പ്രാതിനിധ്യത്തേക്കാൾ ഭയാനകമാണ് കേന്ദ്ര സർവ്വീസിലെ ന്യൂനപക്ഷ പ്രാതിനിധ്യക്കുറവ്. അതുകൊണ്ട് തന്നെ ന്യൂനപക്ഷ യുവജനങ്ങളെ കേന്ദ്ര സർവ്വീസുകളിലേയ്ക്ക് ഉയർത്തിവിടുക എന്ന കാലോചിതവും ഭാവനാപൂർണ്ണവുമായ പദ്ധതികളിലേക്ക് പ്രവേശിക്കപ്പെടേണ്ടതുണ്ട്. ചുരുക്കി പറഞ്ഞാൽ ന്യൂനപക്ഷങ്ങൾക്കു വേണ്ടി മാത്രം ഒരു സിവിൽ സർവ്വീസ് പരിശീലനകേന്ദ്രം. കേരളത്തിന്റെ 3 മേഖലകളിലായി സിവിൽ സർവ്വീസ് പരിശീലന കേന്ദ്രങ്ങളാണ് ലക്ഷ്യമാക്കുന്നത്. കേവലമായ സിവിൽ സർവ്വീസ് പരിശീലനം മാത്രമല്ല അതിനോടൊപ്പം തന്നെ ബാങ്കിംഗ്, എസ്.എസ്.സി, റെയിൽവേ ഉദ്യോഗങ്ങൾക്കായുളള പരിശീലനം കൂടെ അനുബന്ധമായി ലക്ഷ്യമാക്കുന്നു.

## സൈനിക പരിശീലന കേന്ദ്രങ്ങൾ

രാജ്യസേവന രംഗത്ത് ന്യൂനപക്ഷങ്ങളുടെ അംഗബലം മറ്റേതൊരു മേഖലയിലേക്കാളും എന്തുകൊണ്ടോ പരിമിതമാണ്. സൈനിക അർദ്ധ സൈനിക മേഖലകളിലേക്കുളള ശാരീരിക ക്ഷമതയും പരീക്ഷാ പരിശീലനവും ഉൾക്കൊളളുന്ന പരിശീലനകേന്ദ്രങ്ങൾ സംസ്ഥാനത്തിന്റെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ ആരംഭിക്കപ്പെടണം. അതുവഴി ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സൈനിക ആഭിമുഖ്യം വളർത്തിയെടുക്കുക എന്നുളളത് വളരെ പ്രധാനപ്പെട്ട ലക്ഷ്യമാണ്.



## മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷാ പരിശീലനം

സ്വാശ്രയ എഞ്ചിനീയറിംഗ്/മെഡിക്കൽ കോളേജുകളുടെ ഈറ്റില്ലമായ കേരളത്തിൽ ന്യൂനപക്ഷങ്ങളിലെ പിന്നോക്കം നിൽക്കുന്ന പഠന മികവുള്ള വിദ്യാർത്ഥികൾക്ക് പക്ഷേ അതൊരു കിട്ടാക്കനിയാണ്. സർക്കാർ മെഡിക്കൽ/എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം ലഭിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികളുടെ എണ്ണം തുലോം കുറവാണ്. ഭീമമായ ഫീസ് കൊടുത്ത് പരിശീലന കേന്ദ്രങ്ങളിൽ പഠിക്കാൻ നിർദ്ദരരായ വിദ്യാർത്ഥികൾക്ക് കഴിയാതെ വരുന്നത് അവരെ മാനസികമായി തകർത്തുകളയും. ഈ വെല്ലുവിളി പരിഹരിക്കുന്നതിനായി ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി NEET പരിശീലനത്തിനുള്ള സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ് ഇതിലൂടെ നിർദ്ദേശിക്കുന്നത്. സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് സൗകര്യപ്രദമായി പങ്കെടുക്കാനാകുന്ന രീതിയിൽ സർക്കാർ അംഗീകൃത, സ്വകാര്യ കോച്ചിംഗ് സെന്ററുകൾ ഉൾപ്പെടുത്തി പരിശീലനം സംഘടിപ്പിക്കും.

## ചീഫ് മിനിസ്റ്റേഴ്സ് റിസർച്ച് ഫെല്ലോഷിപ്പ് ഫോർ മൈനോറിറ്റീസ്

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട പഠന നിലവാരമുള്ള വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിന്റെ ആവശ്യത്തിനായി ചീഫ് മിനിസ്റ്റേഴ്സ് റിസർച്ച് ഫെല്ലോഷിപ്പ് ഫോർ മൈനോറിറ്റീസ് നടപ്പിലാക്കുകയെന്നതാണ് വകുപ്പിന്റെ ഉദ്യമം. ഗവേഷണ വിദ്യാർത്ഥികൾക്ക് ഗവേഷണ പഠന കാലയളവിൽ 7,20,000 രൂപ 3 ഗഡുക്കളായി അനുവദിക്കുന്നതിനാണ് വകുപ്പ് ലക്ഷ്യമിടുന്നത്.



## മൈനോരിറ്റി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ ദീർഘകാല സ്വപ്നപദ്ധതിയാണ് മൈനോരിറ്റി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്. ന്യൂനപക്ഷ വിഭാഗങ്ങൾ നേരിടുന്ന സാമൂഹികവും, സാംസ്കാരികവും, വിദ്യാഭ്യാസപരവും, തൊഴിൽപരവുമായ പ്രശ്നങ്ങൾ പഠിക്കാനായി രാജ്യാന്തരതലത്തിൽ ശ്രദ്ധേയമാക്കാവുന്ന വിധത്തിലുള്ള ഒരു ഗവേഷണ സ്ഥാപനമാണ് നാം വരും കാലത്തേക്ക് വിഭാവനം ചെയ്യുന്നത്. ഒരു പക്ഷേ ഇന്ത്യയിൽ അത്തരമൊരു സ്ഥാപനം ആദ്യത്തേതായിരിക്കും

## ന്യൂനപക്ഷ സ്ത്രീ ശാക്തീകരണം

കിലയുമായി സഹകരിച്ച് ന്യൂനപക്ഷ വനിതകളുടെ തൊഴിൽ അഭിരുചി വളർത്തിയെടുത്ത് സ്വയം പര്യാപ്തരാക്കുക എന്ന ഏറ്റവും പ്രബുദ്ധമായ പദ്ധതിയാണ് വകുപ്പ് ലക്ഷ്യമിടുന്നത്. കുടുംബശ്രീയിൽ പ്രവർത്തിക്കുന്ന വനിതകളിൽ അവരുടെ കഴിവുകൾ തിരിച്ചറിഞ്ഞ് പ്രത്യേക വിഭാഗങ്ങളായി രൂപീകരിച്ച് കിലയിൽ നിന്നും പരിശീലനം ആർജ്ജിച്ചെടുക്കുന്നത് വഴി ഒരു പ്രൊഫഷണൽ തൊഴിലാളികളാക്കുക എന്നതാണ് ലക്ഷ്യം.



## ന്യൂനപക്ഷ വിധവകൾക്കുളള സ്വയം തൊഴിൽ പദ്ധതി

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾ, വിവാഹമോചിതർ, ഭർത്താവ് ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ എന്നിവർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുളള സഹായം നൽകികൊണ്ട് അവർക്ക് ഒരു ഉപജീവനമാർഗം ഉണ്ടാക്കി കൊടുക്കുന്നതാണ് ടി പദ്ധതിയുടെ ലക്ഷ്യം. കേരള സ്റ്റേറ്റ് മൈനോറിറ്റീസ് ഡെവലപ്മെൻറ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിൻെറ സഹായത്തിന് അർഹതയുള്ള എല്ലാ ഗുണഭോക്താക്കൾക്ക് പദ്ധതിയിൽ പ്രഥമ പരിഗണന നൽകും. കൂടാതെ കോർപ്പറേഷൻെറ മാനദണ്ഡങ്ങൾ പാലിക്കാത്ത ഗുണഭോക്താക്കളെ ബദൽ സ്രോതസ്സുകളായ വനിതാ വികസന കോർപ്പറേഷൻ, കേരള സ്റ്റാർട്ടപ്പ് മിഷൻ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെൻറ് കോർപ്പറേഷൻ(കെഎസ്ഐഡിസി), കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, കുടുംബശ്രീ സാധ്യതയുള്ള മറ്റ് സംസ്ഥാന, ദേശീയ പദ്ധതികളുമായി ബന്ധിപ്പിച്ചും സബ്സിഡി ലഭ്യമാക്കും.

## ഇമ്പിച്ചിബാവ ഭവന പുനരുദ്ധാരണ പദ്ധതി പുതിയ പ്രതലത്തിലേക്ക്

ന്യൂനപക്ഷ വിഭാഗത്തിലെ വിധവ/വിവാഹബന്ധം വേർപ്പെടുത്തിയവർക്കുളള ഭവന പുനരുദ്ധാരണ പദ്ധതി കാലോചിതമായി പരിഷ്കരിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്.



## പ്രധാൻ മന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതി

ന്യൂനപക്ഷ വിഭാഗങ്ങൾക്ക് വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും മുൻതൂക്കം നൽകി പുതിയ പദ്ധതികളായി സ്ത്രീ കേന്ദ്രീകൃതം, തൊഴിൽ നൈപുണ്യം, കായികരംഗം എന്നതിൽ ഊന്നൽ നൽകുന്നു. കായികരംഗത്ത് ലോകനിലവാരത്തിലേക്കുള്ള സ്റ്റേഡിയങ്ങൾ, തൊഴിൽ നൈപുണ്യ കേന്ദ്രങ്ങൾ സ്ത്രീ ശാക്തീകരണത്തിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നതുമാണ്.

## നൂതന സാങ്കേതികവിദ്യയിലെ തൊഴിൽ സാധ്യതകൾ

ന്യൂനപക്ഷ യുവജനങ്ങൾക്ക് Kerala Academy for Skills Excellence (KASE) വഴി മാസ്റ്റർ അക്കൗണ്ടന്റ്, സൈബർ സെക്യൂരിറ്റി / സെക്യൂരിറ്റി ഓപ്പറേഷൻ സെന്റർ അനലിസ്റ്റ്, ഗ്രാഫിക് ഡിസൈനിംഗ് സർട്ടിഫിക്കറ്റ് കോഴ്സ്, ജർമ്മൻ ഭാഷാ പരിശീലനം എന്നീ മേഖലകളിൽ തൊഴിൽ പരിശീലനം നൽകുകയും, ASAP (Additional Skill Acquisition Programme Kerala) വഴി പവർ ഇലക്ട്രോണിക്സ് സർവീസ് ടെക്നീഷ്യൻ, സപ്ലൈ ചെയിൻ ആൻഡ് ലോജിസ്റ്റിക്സ് അനലിസ്റ്റ്, സീറോ ടു ഹീറോ, ആയുർവേദ തെറാപ്പി സർട്ടിഫിക്കറ്റ് കോഴ്സ്, ജനറൽ ഫിറ്റ്നസ് ട്രെയിനർ(ഉദ്യമിത്വം), ഹൈഡ്രോപോണിക്സ് പ്രൊഡ്യൂസർ(ഉദ്യമിത്വം) എന്നീ മേഖലകളിലും പരിശീലനം നൽകുകയും, ഡിജിറ്റൽ സർവകലാശാല വഴി സ്കിൽ ട്രെയിനിംഗ് പ്രോഗ്രാംസ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് ഡാറ്റ ഇന്റലിജൻസ് പി.ജി.ഡിപ്ലോമ, വെബ് ആൻഡ് ബ്ലോക്ക് ചെയിൻ ടെക്നോളജീസ് പി.ജി.ഡിപ്ലോമ എന്നീ കോഴ്സുകൾ നടപ്പിലാക്കി ന്യൂനപക്ഷ യുവാക്കൾക്ക് ആധുനിക തൊഴിൽവിദ്യയും തൊഴിൽയോഗ്യതയും ഉറപ്പാക്കി തൊഴിൽ സാധ്യതകൾ വികസിപ്പിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

## ന്യൂനപക്ഷ കലകൾ പുതു തലമുറയിലേക്ക് :

ന്യൂനപക്ഷ കലകളുടെ പോഷണം ന്യൂനപക്ഷ സമുദായങ്ങളിൽ പാരമ്പര്യമായി നിലനിന്നിരുന്ന നിരവധി കലാരൂപങ്ങൾ ഇന്ന് കാണാമറയത്താണ്. അല്ലെങ്കിൽ അത് പുതിയ തലമുറയ്ക്ക് പരിചിതം ആകാതെ പോവുകയോ അന്യം നിന്ന് പോവുകയോ ചെയ്യുന്ന ഒരു സ്ഥിതി വിശേഷം ഉണ്ട്. ആ സാഹചര്യത്തിൽ നാടൻകലകളുടെ പരിപോഷണത്തിനായി സംസ്ഥാന സർക്കാർ രൂപീകരിച്ചിട്ടുള്ള ഫോക്‌ലോർ അക്കാദമി മാതൃകയിലും നിലവാരത്തിലും മൈനോറിറ്റി ഫോക്ക് അക്കാദമി നിലവിൽ വരേണ്ടത് അനിവാര്യമാണ്. അതുവഴി ന്യൂനപക്ഷ തലമുറയിൽപ്പെട്ട കലാ സാംസ്കാരിക മേഖലകളിലെ പ്രതിഭകളെ കണ്ടെത്തി അവരെ പൊതുധാരയിലേക്ക് കൊണ്ടുവരാൻ കഴിയും.



# സൂക്ഷ്മ ന്യൂനപക്ഷ വിഭാഗങ്ങൾക്കുളള ക്ഷേമ പദ്ധതികൾ

### സൂക്ഷ്മ ന്യൂനപക്ഷ തൊഴിൽ ശാക്തീകരണ പദ്ധതി :-

കേരളത്തിൽ ഔദ്യോഗികമായി അംഗീകരിച്ച സൂക്ഷ്മ ന്യൂനപക്ഷ വിഭാഗങ്ങളിലെ യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ പര്യാപ്തമാക്കുന്നതിനായി ടെക്നിക്കൽ ട്രെയിനിംഗ്, ഐ.ടി ഡിജിറ്റൽ ട്രെയിനിംഗ് തുടങ്ങിയവ നൽകുന്നതിനുളള പദ്ധതികൾ ആരംഭിക്കുന്നതാണ്.

### സൂക്ഷ്മ ന്യൂനപക്ഷങ്ങൾക്കുളള സ്വയം തൊഴിൽ സംരംഭകത്വ സഹായം :-

കേരളത്തിൽ ഔദ്യോഗികമായി അംഗീകരിച്ച സൂക്ഷ്മ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് സ്വയം തൊഴിൽ സംരംഭം തുടങ്ങുന്നതിനാവശ്യമായ അടിസ്ഥാന കോഴ്സുകൾക്ക് പരിശീലനം ലഭ്യമാക്കുന്നതായിരിക്കും. സംരംഭം ആരംഭിക്കുന്നതിനായി കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുഖേന കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതാണ്. കേരള സ്റ്റാർട്ട് അപ് മിഷനുമായി സഹകരിച്ച് പരിപാടികൾ സംഘടിപ്പിക്കുന്നതു വഴി തൊഴിലില്ലായ്മ കുറയ്ക്കാനും സൂക്ഷ്മ ന്യൂനപക്ഷങ്ങളെ മുൻനിരയിലേക്ക് കൊണ്ടു വരുന്നതിനും സാധിക്കും.

### സൂക്ഷ്മ ന്യൂനപക്ഷങ്ങൾക്ക് ഉന്നത പഠനത്തിനുള്ള പിന്തുണ :-

കേരളത്തിൽ ഔദ്യോഗികമായി അംഗീകരിച്ച സൂക്ഷ്മ ന്യൂനപക്ഷ വിഭാഗങ്ങളിൽ സർക്കാർ/എയ്ഡഡ് അംഗീകൃത സ്വകാര്യ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്കും (എം.ബി.ബി.എസ്, ബി-ടെക്, എൽ.എൽ.ബി), ബിരുദാനന്തര ബിരുദ കോഴ്സുകൾക്കും സ്കോളർഷിപ്പ് പദ്ധതികൾ ആവിഷ്കരിക്കുന്നതായിരിക്കും. അംഗീകൃത പരിശീലന സ്ഥാപനങ്ങളുമായി സഹകരിച്ച് NEET, JEE, KEAM മുതലായ മത്സരപരീക്ഷകൾക്ക് സൗജന്യ പരിശീലനം നൽകുന്നതായിരിക്കും.

### സൂക്ഷ്മ ന്യൂനപക്ഷങ്ങളുടെ സാംസ്കാരിക പൈതൃക സംരക്ഷണം :-

സൂക്ഷ്മ ന്യൂനപക്ഷ വിഭാഗങ്ങൾ പൈതൃകമായി കൊണ്ടു നടന്നിരുന്ന പ്രാചീന കലാരൂപങ്ങൾ ഒന്നും തന്നെ പുതു തലമുറയ്ക്ക് പരിചിതമല്ല. ഈ കലാരൂപങ്ങൾ പുതു തലമുറയിലേയ്ക്ക് എത്തിക്കുക എന്നത് പ്രാചീന കലാരൂപങ്ങളോട് നാം കാണിക്കുന്ന ആദരവായതിനാൽ സൂക്ഷ്മ ന്യൂനപക്ഷങ്ങളിലെ എല്ലാ കലാരൂപങ്ങളും അഭ്യസിപ്പിക്കുന്നതിനുളള ഫോക്ക് അക്കാദമി നിലവിൽ വരേണ്ടത് അനിവാര്യമാണ്. അതുവഴി സൂക്ഷ്മ ന്യൂനപക്ഷങ്ങളിലെ കലാ സാംസ്കാരിക മേഖലകളിലെ പ്രതിഭകളെ കണ്ടെത്തുന്നതിനും അവരെ പൊതുധാരയിലേക്ക് കൊണ്ടുവരുന്നതിനും കഴിയും.



## ഉപസംഹാരം

നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ റിപ്പോർട്ട് പ്രകാരം ഏറ്റവും മികച്ച ക്രമസമാധാനം നിലനിൽക്കുന്നതും വർഗ്ഗീയ സംഘർഷങ്ങളോ കലാപങ്ങളോ അതിലൂടെ മറ്റ് സാമൂഹിക പ്രശ്നങ്ങളോ സ്വാധീനിക്കാത്തതുമായ മതമൈത്രിയുടേയും പരസ്പര സ്നേഹത്തിന്റെയും വിളനിലമാണ് കേരളം. കേരളത്തിന്റെ സവിശേഷമായ ഈ അന്തരീക്ഷത്തെ നിലനിർത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യുക എന്നത് ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ പുരോഗതിക്കും മുന്നേറ്റത്തിനും പ്രധാനമാണ്. പാലൊളി കമ്മിറ്റി ശുപാർശകൾ നടപ്പിലാക്കിയതിൽ നിന്നും മികച്ച നേട്ടങ്ങൾ കൈവരിക്കുന്നതിന് ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖാന്തിരം സാധ്യമായിട്ടുണ്ട്. നടപ്പിലാക്കാനിരിക്കുന്ന ജസ്റ്റിസ്.ജെ.ബി കോശി കമ്മീഷൻ റിപ്പോർട്ട് പൂർണ്ണതയിലെത്തുന്നതോടു കൂടി ക്രിസ്തീയ ജനവിഭാഗങ്ങളുടെ സാമൂഹിക വിദ്യാഭ്യാസ സാമ്പത്തിക പുരോഗതിയിൽ കേരളത്തിന് വലിയ മുന്നേറ്റം സാധ്യമാകുന്നതാണ്. പാലൊളി കമ്മിറ്റി റിപ്പോർട്ട്, ജസ്റ്റിസ്.ജെ.ബി കോശി കമ്മീഷൻ റിപ്പോർട്ട് എന്നിവ നടപ്പിലാക്കുന്നതിന് സർക്കാർ പ്രതിബദ്ധരുമാണ്. കൈവരിച്ച നേട്ടങ്ങൾ നിലനിർത്തേണ്ടതും കൂടുതൽ നേട്ടങ്ങൾ കൈവരിക്കേണ്ടതുമുണ്ട്. ആ ദിശയിൽ കേരളത്തെ മുന്നോട്ട് നയിക്കാനുള്ള പരിശ്രമത്തിന് എല്ലാവരുടേയും പിന്തുണയും യോജിപ്പും ഉണ്ടാകണമെന്ന് പ്രത്യാശിക്കുന്നു.

* * * * * * * * * * * * * * * * * * *

# ന്യൂനപക്ഷ ക്ഷേമ വകുപ്പ്

# വിഷൻ 2031

## കരട് നയരേഖ

കേരള സർക്കാർ



കേരള സർക്കാർ

**ന്യൂനപക്ഷ ക്ഷേമവകുപ്പ്**

വിഷൻ 2031

# നേട്ടങ്ങളുടെ
# 9 വർഷങ്ങൾ

## നവകേരളസൃഷ്ടിയും
## ന്യൂനപക്ഷ ക്ഷേമവും

**വിഷൻ 2031**

## 1.കേരള സർക്കാർ ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി നടപ്പിലാക്കുന്ന സ്കോളർഷിപ്പ് പദ്ധതികൾ.

1. സി.എം റിസർച്ച് ഫെല്ലോഷിപ്പ് ഫോർ മൈനോരിറ്റീസ്
2. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്
3 .വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ്
4 സർക്കാർ അംഗീകൃത പ്രൈവറ്റ് ഐ.റ്റി.ഐ കളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ITC- ഫീ റീ- ഇംബേഴ്സ്മെന്റ് സ്കീം
5. സി.എ/സി.എം.എ/ സി.എസ് സ്കോളർഷിപ്പ്
6. ഐഐടി/ഐഐഐഎം/ഐഐഐഎസ്സി, ഐഎംഎസ്സി എന്നീ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്
7. എ.പി.ജെ.അബ്ദുൾ കലാം സ്കോളർഷിപ്പ്
8. മദർ തെരേസ സ്കോളർഷിപ്പ്
9. സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ്
10. ഇബ്രാഹീം സുലൈമാൻ സേട്ട് ഉർദു സ്കോളർഷിപ്പ് അവാർഡ്
11. മാർഗ്ഗദീപം സ്കോളർഷിപ്പ് പദ്ധതി
12. സിവിൽ സർവ്വീസ് ഫീ-റീഇംബേഴ്സ്മെൻറ് സ്കീം



## 1. ചീഫ് മിനിസ്റ്റേഴ്സ് റിസർച്ച് ഫെല്ലോഷിപ്പ് ഫോർ മൈനോരിറ്റീസ്

മൗലന ആസാദ് നാഷണൽ ഫെലോഷിപ് ഫോർ മൈനൊരിറ്റി സ്റ്റുഡന്റ്സ് നിർത്തലാക്കിയതിനെ തുടർന്ന് സംസ്ഥാന സർക്കാർ 2025-26 മുതൽ നടപ്പിലാക്കുന്ന പദ്ധതിയാണ് സിഎം ഫെല്ലോഷിപ് ഫോർ മീനൊരിറ്റീസ്. ഇന്ത്യയിൽ എവിടെയും ഗവേഷണം നടത്തുന്ന ന്യൂനപക്ഷ വിഭാഗത്തിൽപെട്ട കേരളീയരായ വിദ്യാർത്ഥികൾക്ക് ടി സ്ക്കോളർഷിപ്പിന് അപേക്ഷിക്കാവുന്നതാണ്. സർക്കാർ / സർക്കാർ എയ്ഡഡ് സർവകലാശാലകൾ /ഗവേഷണ സ്ഥാപനങ്ങളിൽ റെഗുലർ പി.എച്ച്.ഡി. ഗവേഷണ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ഈ ഫെല്ലോഷിപ്പ് അനുവദിക്കുന്നു. ഒരു ഗവേഷകന് പരമാവധി 3 തവണ ഫെല്ലോഷിപ്പ് അനുവദിക്കും. 6 കോടിരൂപ അതിനായി വകയിരുത്തിയിട്ടുണ്ട് 2025-26 ൽ ഒരു ഗവേഷണവിദ്യാർത്ഥിക്ക് ഒരുവർഷം 2,40,000 രൂപ അനുവദിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്



## സ്കോളർഷിപ്പിനുള്ള പൊതുയോഗ്യതാ നിബന്ധനകൾ

1. രാജ്യത്തെ പ്രഖ്യാപിത ന്യൂനപക്ഷങ്ങളായ മുസ്ലീം, ക്രിസ്ത്യൻ (എല്ലാ വിഭാഗക്കാർക്കും), സിഖ്, ബുദ്ധ, ജൈനർ, പാഴ്സി എന്നീ മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്.

2. www.minoritywelfare.kerala.gov.in എന്ന വകുപ്പിന്റെ വെബ് സൈറ്റിലെ സ്കോളർഷിപ്പ് ലിങ്ക് മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

## 2. പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്

1.ന്യൂനപക്ഷ വിഭാഗത്തിലെ സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് അവാർഡ്.
2.എസ്.എസ്.എൽ.സി/ ടി.എച്ച്.എസ്.എൽ.സി/പ്ലസ്ടു/വി.എച്ച്.എസ്.ഇ കോഴ്സുകൾക്ക് എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡ് നേടിയവർക്കും, ബിരുദത്തിന് 80%- മാർക്ക് നേടിയവർക്കും, ബിരുദാനന്തര ബിരുദത്തിന് 75%- മാർക്ക് നേടിയവർക്കും നൽകുന്ന സ്കോളർഷിപ്പ് അവാർഡ്.
3.എസ്.എസ്.എൽ.സി/ടി.എച്ച്.എസ്.എൽ.സി/പ്ലസ്ടു/വി.എച്ച്.എസ്.ഇ വിദ്യാർത്ഥി കൾക്ക് 10,000 രൂപയും, ബിരുദം/ബിരുദാനന്തര വിദ്യാർത്ഥികൾക്ക് 15,000 രൂപയുമാണ് സ്കോളർഷിപ്പ് അവാർഡ്.
4.നാളിതുവരെ 29576 വിദ്യാർത്ഥികൾക്ക് 3189.95 ലക്ഷം രൂപ സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്.



## 3. വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ്

1. സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ ബിരുദം, ബിരുദാനന്തര ബിരുദം, പി. എച്ച്. ഡി കോഴ്സുകൾക്ക് ഉന്നത വിദ്യാഭ്യാസം നടത്തുന്നതിനുള്ള സ്കോളർഷിപ്പ് പദ്ധതിയാണിത്.

2. വിദേശ ഉപരിപഠനത്തിനായി ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കിൽ നിന്നോ, ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിൽ നിന്നോ വിദ്യാഭ്യാസ വായ്പ എടുക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്.

3. പരമാവധി 5 ലക്ഷം രൂപയാണ് സ്കോളർഷിപ്പ് തുക.

4. നാളിതുവരെ 146 വിദ്യാർത്ഥികൾക്ക് 421.9909 ലക്ഷം രൂപ സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്



## 4. സ്വകാര്യ ഐ.റ്റി.ഐ-കളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുളള റീ ഇംബേഴ്സ്മെൻറ് സ്കീം.

1. സർക്കാർഅംഗീകൃത സ്വകാര്യ ഐ.റ്റി.ഐ-കളിൽ പഠിക്കുന്ന ന്യൂനപക്ഷവിദ്യാർത്ഥികൾക്ക് അടച്ച ഫീസ് തിരിച്ചു നൽകുന്ന പദ്ധതി.


2. ഒരു വർഷം/രണ്ട് വർഷം കോഴ്സുകൾക്ക് യഥാക്രമം 10,000 രൂപ, 20,000 രൂപ എന്ന തോതിലാണ് സാമ്പത്തിക സഹായം നൽകുന്നത്.

3. നാളിതുവരെ 30578 വിദ്യാർത്ഥികൾക്കായി 3201.12 ലക്ഷം രൂപ സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്



## 5. ചാർട്ടേർഡ് അക്കൗണ്ടൻസി/ കോസ്റ്റ് വർക്ക് അക്കൗണ്ടൻസി/ കമ്പനി സെക്രട്ടറിഷിപ്പ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്

1. സി.എ/സി.എം.എ(ഐ.സി.ഡബ്ല്യു.എ.)/സി.എസ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള പദ്ധതി.
2. ഫൈനൽ, ഇന്റർമീഡിയേറ്റ് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 15,000 രൂപ ഒറ്റ തവണയായി അനുവദിക്കുന്ന സ്കോളർഷിപ്പ് പദ്ധതിയാണിത്.
3. നാളിതുവരെ 5723 വിദ്യാർത്ഥികൾക്ക് 753.4646 ലക്ഷം രൂപ സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്



## 6. ഐ.ഐ.ടി/ ഐ.ഐ.എം/ ഐ.ഐ.എസ്.സി/ഐ.എം.എസ്.സി എന്നീ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിച്ചു കൊണ്ടിരിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

1. രാജ്യത്തെ പ്രധാനപ്പെട്ട ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളായ IIM/IIT/IISc/IMSc –കളിൽ ഉപരിപഠനം (PG/Ph.D) നടത്തുന്നവർക്ക് ടി സ്കോളർഷിപ്പ് നൽകി വരുന്നു.

2. കേരളത്തിലെ സ്ഥിരതാമസക്കാരായ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്.

3. തെരഞ്ഞെടുക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥിയ്ക്ക് കോഴ്സ് കാലാവധിക്കുള്ളിൽ ഒറ്റതവണ 50,000 രൂപയാണ് സ്കോളർഷിപ്പ് തുകയായി അനുവദിക്കുന്നത്.

4. നാളിതുവരെ 71 വിദ്യാർത്ഥികൾക്കായി 35.5 ലക്ഷം രൂപ സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്.



## 7. എ.പി.ജെ അബ്ദുൽ കലാം സ്കോളർഷിപ്പ്.

1. സർക്കാർ/എയ്ഡഡ്/സർക്കാർ അംഗീകൃത സെൽഫ് ഫിനാൻസിംഗ് മേഖലയിലെ പോളിടെക്നിക്കുകളിൽ ത്രിവത്സര ഡിപ്ലോമ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്.

2. കോഴ്സ് കാലയാളവിനുളളിൽ ഒറ്റത്തവണയായി 6000 രൂപയാണ് സ്കോളർഷിപ്പായി അനുവദിക്കുന്നത്.

3. സർക്കാർ അംഗീകൃത സ്വാശ്രയ പോളിടെക്നിക്കുകളിൽ മെറിറ്റ് സീറ്റിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്.

4. നാളിതുവരെ 5565 വിദ്യാർത്ഥികൾക്കായി 334.9975 ലക്ഷം രൂപ സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്.



## 8. മദർ തെരേസ സ്കോളർഷിപ്പ്.

1. കേരളത്തിലെ ഗവൺമെന്റ് നേഴ്സിംങ് സ്കൂളുകളിൽ ജനറൽ നേഴ്സിംഗ്/ മറ്റു സ്ഥാപനങ്ങളിൽ പാരാ മെഡിക്കൽ ഡിപ്ലോമ കോഴ്സുകളിൽ മെരിറ്റ് സീറ്റിൽ അഡ്മിഷൻ നേടുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്.

2. കോഴ്സ് കാലയാളവിനുള്ളിൽ ഒറ്റത്തവണയായി 15,000 രൂപ സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണിത്.

3. സർക്കാർ അംഗീകൃത സെൽഫ്ഫിനാൻസിങ് കോളേജുകളിൽ പാരാമെഡിക്കൽ കോഴ്സുകൾക്ക് മെറിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പിന് അപേക്ഷിക്കാവുന്നതാണ്. സ്റ്റേറ്റ് മെറിറ്റ് ക്വാട്ടയിലാണ് പ്രവേശനം േ നടിയതെന്നു തെളിയിക്കുന്നതിന് അലോട്ട്മെൻറ് മെമ്മോ ഹാജരാക്കേണ്ടതാണ്.

4. നാളിതുവരെ 2556 വിദ്യാർത്ഥികൾക്കായി 385.0638 ലക്ഷം രൂപ സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്



## 9. സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ്.

1. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലകളിൽ പിന്നാക്കം നിൽക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ (മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, ജൈനർ, പാഴ്സി) സമുദായത്തിലെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസപരമായ പുരോഗതി ലക്ഷ്യംവച്ച് സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്ന പദ്ധതിയാണിത്.
2. ബിരുദത്തിന് പഠിക്കുന്ന 3000 വിദ്യാർത്ഥിനികൾക്ക് 5000 രൂപ വീതവും, ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്ന 1000 വിദ്യാർത്ഥിനികൾക്ക് 6000 രൂപ വീതവും പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന 1000 വിദ്യാർത്ഥിനികൾക്ക് 7000 രൂപ വീതവും ഹോസ്റ്റൽ സ്റ്റൈപ്പന്റ് ഇനത്തിൽ 2000 പേർക്ക് 13000 രൂപ വീതവും (ഹോസ്റ്റൽ സ്റ്റൈപ്പന്റ്/പ്രതിവർഷ സ്കോളർഷിപ്പ് ഇവയിൽഏതെങ്കിലും ഒന്ന്) പ്രതിവർഷം നൽകുന്നു.

3. നാളിതുവരെ ടി സ്കോളർഷിപ്പിന് 120072 വിദ്യാർത്ഥികൾക്കായി 8255.35 ലക്ഷം രൂപ സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്.



## 10. ഇബ്രാഹിം സുലൈമാൻ സേട്ടു ഉറുദു ക്യാഷ് അവാർഡ്.

1. ഉറുദു ഐച്ഛികഭാഷയായെടുത്ത് എല്ലാവിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടിയ എസ്.എസ്.എൽ.സി & ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതിയാണിത്.
2. ഒരു വിദ്യാർത്ഥിക്ക് 1000 രൂപ നിരക്കിൽ ക്യാഷ് അവാർഡ് നൽകുന്നു.
3. എല്ലാ മതവിഭാഗക്കാർക്കും സ്കോളർഷിപ്പ് അനുവദിക്കുന്നതാണ്.
4. നാളിതുവരെ 2634 വിദ്യാർത്ഥികൾക്കായി 26.34 ലക്ഷം രൂപ സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്.




## 11. മാർഗ്ഗദീപം സ്കോളർഷിപ്പ് പദ്ധതി

1. സംസ്ഥാനത്തെ ഒന്നു മുതൽ എട്ടു വരെ ക്ലാസുകളിലെ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് 1500 രൂപ അനുവദിക്കുന്ന സ്കോളർഷിപ്പ് പദ്ധതി.

2. 2.5 ലക്ഷം രൂപയാണ് വരുമാന പരിധി.

3. 2024-25 സാമ്പത്തിക വർഷം ആരംഭിച്ച പുതിയ പദ്ധതിയാണിത്.

4. 2024-25 സാമ്പത്തിക വർഷം 121667 വിദ്യാർത്ഥികൾക്കായി 1825.33 ലക്ഷം രൂപ സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്.



## 12. അഖിലേന്ത്യാ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്/ ഹോസ്റ്റൽ ഫീസ് റീ ഇംബേഴ്സ് ചെയ്യുന്ന പദ്ധതി.

1.സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് കോഴ്സ് ഫീ/ ഹോസ്റ്റൽ ഫീസ് റീ-ഇംബേഴ്സ്മെന്റായി നൽകുന്ന സ്കോളർഷിപ്പ് പദ്ധതി.

2. ഒരു വിദ്യാർത്ഥിക്ക് കോഴ്സ് ഫീ ഇനത്തിൽ 20,000 രൂപയും, ഹോസ്റ്റൽ ഫീ ഇനത്തിൽ 10,000 രൂപയും പരമാവധി നൽകും.

3. നാളിതുവരെ ടി സ്കോളർഷിപ്പിന് 808 വിദ്യാർത്ഥികൾക്കായി 170.6375 ലക്ഷം രൂപ സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്.



## പരിശീലന പദ്ധതികൾ

### 1. ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് അസാപ്, KITTS, KASE, Digital University മുഖേന നൈപുണ്യ പരിശീലന പരിപാടി

- ഇന്ത്യൻ പൌരൻമാർക്ക് പൊതുവായും തദ്ദേശീയരായ കേരളീയർക്ക് പ്രത്യേകമായും അനുഗുണമായ, വിദേശത്ത് കൂടുതൽ സാധ്യതകളുള്ള തൊഴിൽ പരിശീലനവും റിക്രൂട്ട്മെന്റും നടത്തുന്ന ഏജൻസികളാണിവ.
- ഇന്ത്യക്കകത്തും പുറത്തും ഏറെ തൊഴിൽ സാദ്ധ്യതയുള്ള മേഖലകളിൽപരിശീലനം കഴിഞ്ഞെത്തുന്ന ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്ലേസ്മെന്റ് അസിസ്റ്റൻസ് സംവിധാനം മുഖാന്തിരം തൊഴിൽ ലഭ്യമാക്കാനും പദ്ധതി ലക്ഷ്യമിടുന്നു.
- നാളിതുവരെ 44.7638 ലക്ഷം രൂപ വിനിയോഗിച്ച് 151 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി.



## പരിശീലന പദ്ധതികൾ

## 2.യു.ജി.സി/സി.എസ്.ഐ.ആർ- നെറ്റ് കോച്ചിങ്

1. ഇന്ത്യൻ യൂണിവേഴ്സിറ്റികളിലും കോളേജുകളിലും അസിസ്റ്റന്റ് പ്രൊഫസർ/ജൂനിയർ റിസേർച്ച് ഫെല്ലോഷിപ്പിന് തയ്യാറെടുക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്ന പദ്ധതിയാണിത്.
2. തെരഞ്ഞെടുക്കപ്പെട്ട യൂണിവേഴ്സിറ്റി/ കോളേജുകൾ മുഖേന ഈ പദ്ധതി നടപ്പിലാക്കുന്നു.
3. ഈ പദ്ധതിയിലൂടെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ന്യൂനപക്ഷ വിഭാഗങ്ങളുടെ തൊഴിൽ യോഗ്യതയും പ്രാതിനിധ്യവും വർധിപ്പിക്കുന്നു.
4. ടി പരിശീലന പദ്ധതിയ്ക്ക് നാളിതുവരെ 45.4433 ലക്ഷംരൂപ വിനിയോഗിച്ച് 3597 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി.





## പ്രധാനമന്ത്രി ജൻവികാസ് കാര്യക്രം (PMJVK) 60%CSS

- കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം നടപ്പിലാക്കുന്ന PMJVK 60% CSS പദ്ധതി, രാജ്യത്തെ ഏറ്റവും പിന്നാക്കം നിൽക്കുന്ന ന്യൂനപക്ഷ കേന്ദ്രീകൃത ബ്ലോക്കുകളിൽ ആസ്തി വികസനത്തിനും സമഗ്ര വളർച്ചയ്ക്കും ലക്ഷ്യമിട്ടതാണ്. 2022-23 മുതൽ പുതിയ മാനദണ്ഡപ്രകാരം, 15 കിലോമീറ്റർ ചുറ്റളവിൽ കുറഞ്ഞത് 25% ന്യൂനപക്ഷ ജനസംഖ്യയുള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തുന്നു.

- വിദ്യാഭ്യാസം, ആരോഗ്യം, നൈപുണ്യ വികസനം, കായികം, ബഹുമുഖ വികസനം എന്നിവയുടെ പ്രധാന മേഖലകളിൽ പ്രവർത്തിക്കുന്ന ഈ പദ്ധതികൾ 2017-18 മുതൽ കേരളത്തിലെ വിവിധ ജില്ലകളിൽ വിജയ കരമായി നടപ്പിലായിട്ടുണ്ട്. MSDP പദ്ധതിയുടെ ഭാഗമായും തുടർച്ചയിലുമായി, 2017-22 കാലയളവിൽ 80 പദ്ധതികൾക്ക് 216 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു

- നൂതന വിദ്യാലയ കെട്ടിടങ്ങൾ, ലാബുകൾ, ലൈബ്രറികൾ, ഹോസ്റ്റലുകൾ, പ്രാഥമികാരോഗ്യ കേന്ദ്ര ങ്ങൾ, മാതൃകാരോഗ്യ പദ്ധതികൾ, സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ എന്നിവ സ്ഥാപിച്ചു, ആയിര ക്കണക്കിന് ന്യൂനപക്ഷ വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും ഗുണമേന്മയുള്ള സൗകര്യങ്ങളും തൊഴിലവസരങ്ങളും ഒരുക്കി. ഇതിലൂടെ വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽക്ഷമത, സമൂഹശേഷി എന്നിവയിൽ ഗണ്യമായ പുരോഗതിയും, സമഗ്ര വികസനത്തിനും വഴിയൊരുക്കി.

# നടപ്പിലാക്കിയ പദ്ധതികൾ

## പൂർത്തീകരിച്ച പ്രവൃത്തികൾ (2017-2022)

| ക്രമ നം | പ്രോജക്ടിന്റെ പേര് | അംഗീകരിച്ച കമ്മിറ്റി | വർഷം | ജില്ല | യൂണിറ്റ് കോസ്റ്റ് (തുക ലക്ഷത്തിൽ) |
|---|---|---|---|---|---|
| 1 | ജിഎച്ച്എസ് കാക്കവയൽ ക്ലാസ് റൂം- കെട്ടിട നിർമ്മാണം-കൽപ്പറ്റ | 132-ാം മത് | 2017 18 | വയനാട് | 25 |
| 2 | ജി.എച്ച്.എസ്.എസ് വൈത്തിരി - ക്ലാസ് റൂം -കെട്ടിട നിർമ്മാണം കൽപ്പറ്റ | 132-ാം മത് | 2017 18 | വയനാട് | 25 |
| 3 | ജി.എച്ച്.എസ്.എസ് കാക്കവയൽ -ക്ലാസ് റൂം -കെട്ടിട നിർമ്മാണം-കൽപ്പറ്റ | 132-ാം മത് | 2017 18 | വയനാട് | 64 |
| 4 | ജി.എച്ച്.എസ്.എസ് കോട്ടത്തറ -ക്ലാസ് റൂം -കെട്ടിട നിർമ്മാണം-കൽപ്പറ്റ | 132-ാം മത് | 2017 18 | വയനാട് | 64 |
| 5 | ജി.വി.എച്ച്.എസ്.എസ് മു□റിക്ക് വേ□ിയുള്ള മൂന്ന് നില കെട്ടിടം- ക്ലാസ് റൂം നിർമ്മാണം- കൽപ്പറ്റ | 132-ാം മത് | 2017 18 | വയനാട് | 120 |
| 6 | ഗവമെന്റ് ഹൈസ്കൂൾ ഇരുളം - ക്ലാസ് റൂം -കെട്ടിട നിർമ്മാണം-പനമരം | 132-ാം മത് | 2017 18 | വയനാട് | 50 |
| 7 | ഗവമെന്റ് എൽപി സ്കൂൾ,നെല്ലിയമ്പം -ക്ലാസ് റൂം -കെട്ടിട നിർമ്മാണം-പനമരം | 132-ാം മത് | 2017 18 | വയനാട് | 23.75 |
| 8 | ഗവമെന്റ് ഹയർ സെക്കൻഡറി സ്കൂൾ,പെരിക്കല്ലൂർ ക്ലാസ് റൂം -കെട്ടിട നിർമ്മാണം-പനമരം | 132-ാം മത് | 2017 18 | വയനാട് | 50 |
| 9 | ഗവ.ഹൈസ്കൂൾ,പനമരം -കെട്ടിട നിർമ്മാണം-പനമരം | 132-ാം മത് | 2017 18 | വയനാട് | 120 |
| 10 | ഗവ.ഹൈസ്കൂൾ,വാകേരി -കെട്ടിട നിർമ്മാണം-പനമരം. | 132-ാം മത് | 2017 18 | വയനാട് | 120 |
| 11 | ഗവമെന്റ് എൽപി സ്കൂൾ കുപ്പത്തോട് - കെട്ടിട നിർമ്മാണം-പനമരം | 132-ാം മത് | 2017 18 | വയനാട് | 20.6 |
| 12 | ഗവ.ഹയർ സെക്കൻഡറി സ്കൂൾ,കാർത്തിക്കുളം - മാനന്തവാടി-കെട്ടിട നിർമ്മാണം | 132-ാം മത് | 2017 18 | വയനാട് | 25 |
| 13 | ഗവമെൻ്റ് എൽപി സ്കൂൾ,പുളിക്കാട് ക്ലാസ് റൂം നിർമ്മാണം -മാനന്തവാടി. | 132-ാം മത് | 2017 18 | വയനാട് | 20 |
| 14 | ഗവണ്മെന്റ് യു.പി സ്കൂൾ പെരിയ- ക്ലാസ് റൂം -കെട്ടിട നിർമ്മാണം -മാനന്തവാടി | 132-ാം മത് | 2017 18 | വയനാട് | 30 |

| ക്രമ നം | പ്രോജക്ടിന്റെ പേര് | അംഗീകരിച്ച കമ്മിറ്റി | വർഷം | ജില്ല | യൂണിറ്റ് കോസ്റ്റ് (തുക ലക്ഷത്തിൽ) |
|---|---|---|---|---|---|
| 15 | ഗവൺമെന്റ് ഹൈസ്കൂൾ-വാളേരി - ക്ലാസ് റൂം -കെട്ടിട നിർമ്മാണം -മാനന്തവാടി | 132-ാ മത് | 2017 18 | വയനാട് | 25 |
| 16 | ഗവ. ലോവർ പ്രൈമറി സ്കൂൾ, എടയൂർകുന്ന്- കെട്ടിട നിർമ്മാണം-മാനന്തവാടി | 132-ാ മത് | 2017 18 | വയനാട് | 18 |
| 17 | ഗവ. ലോവർ പ്രൈമറി സ്കൂൾ, കുറുക്കൻമൂല- കെട്ടിട നിർമ്മാണം-മാനന്തവാടി | 132-ാ മത് | 2017 18 | വയനാട് | 18 |
| 18 | ഗവ. ലോവർ പ്രൈമറി സ്കൂൾ, മക്കിമല-കെട്ടിട നിർമ്മാണം- മാനന്തവാടി | 132-ാ മത് | 2017 18 | വയനാട് | 11 |
| 19 | ഗവ. അപ്പർ പ്രൈമറി സ്കൂൾ,തരുവണ- കെട്ടിട നിർമ്മാണം-മാനന്തവാടി | 132-ാ മത് | 2017 18 | വയനാട് | 18 |
| 20 | ഗവൺമെന്റ് പോളി ടെക്നിക് കോളേജ്, മീനങ്ങാടി - ക്ലാസ് റൂം നിർമ്മാണം-സുൽത്താൻ ബത്തേരി | 132-ാ മത് | 2017 18 | വയനാട് | 50 |
| 21 | ഗവ.ഹയർ സെക്കൻഡറി സ്കൂൾ,ആനപ്പാറ -ക്ലാസ് റൂം നിർമ്മാണം-സുൽത്താൻ ബത്തേരി | 132-ാ മത് | 2017 18 | വയനാട് | 40 |
| 22 | ഗവ. ഹയർ സെക്കൻഡറി സ്കൂൾ, വടുവൻചാൽ - ക്ലാസ് റൂം -കെട്ടിട നിർമ്മാണം-സുൽത്താൻ ബത്തേരി | 132-ാ മത് | 2017 18 | വയനാട് | 33.75 |
| 23 | ജിഎംഎൽപി സ്കൂൾ പൊന്നാനി ടൗ-കെട്ടിട നിർമ്മാണം. | 132-ാ മത് | 2017 18 | മലപ്പുറം | 132 |
| 24 | തൃക്കാവ് ഗവ.ഹയർസെക്കൻഡറി സ്കൂൾ നവീകരണം -ഘട്ടം 2 | 132-ാ മത് | 2017 18 | മലപ്പുറം | 220 |
| 25 | പൊന്നാനി കടവനാട് ജി.എൽ.പി സ്കൂളിന്റെ കെട്ടിട നിർമ്മാണം | 132-ാ മത് | 2017 18 | മലപ്പുറം | 224 |
| 26 | ഗവ.ഫിഷറീസ് എൽപി സ്കൂൾ, പൊന്നാനി പുതുപൊന്നാനി കെട്ടിടത്തിന്റെ നിർമ്മാണം | 132-ാ മത് | 2017 18 | മലപ്പുറം | 158 |
| 27 | ഗവ.ഫിഷറീസ് എൽപി സ്കൂൾ, പൊന്നാനി പുതുപൊന്നാനി കെട്ടിടത്തിന്റെ നിർമ്മാണം | 132-ാ മത് | 2017 18 | മലപ്പുറം | 158 |
| 28 | ചാലിയാർ ഗ്രാമപഞ്ചായത്ത്-ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ,എരഞ്ഞിമങ്ങാട് കെട്ടിട നിർമ്മാണം | 7-ാ മത് | 2018 19 | മലപ്പുറം | 415 |
| 29 | ടൗ യുപിഎസ്,കുളത്തൂപ്പുഴ -പുതിയ സ്കൂൾ കെട്ടിട നിർമ്മാണം | 15-ാ മത് | 2018 19 | കൊല്ലം | 120 |
| 30 | പൊന്നാനി നഗരസഭയിലെ തെയ്യങ്ങാട് ജി.എൽ.പി. സ്കൂളിനുള്ള കെട്ടിട നിർമ്മാണം | 15-ാ മത് | 2018 19 | മലപ്പുറം | 537.5 |
| 31 | വെള്ളനാട് ബ്ലോക്ക് എൻപിഎം ഗവ.ഐടിഐ-ആര്യനാടിന്-സ്പ്രേ പെയിന്റിംഗുകൾക്കും കമ്പ്യൂട്ടർ അധിഷ്ഠിത ഡിസൈനിംഗ് കോഴ്സുകൾക്കുമുള്ള അടിസ്ഥാന സൗകര്യങ്ങൾക്ക് | 17-ാ മത് | 2019 20 | തിരുവനന്തപുരം | 120 |

| ക്രമ നം | പ്രോജക്ടിന്റെ പേര് | അംഗീകരിച്ച കമ്മിറ്റി | വർഷം | ജില്ല | യൂണിറ്റ് കോസ്റ്റ് (തുക ലക്ഷത്തിൽ) |
|---|---|---|---|---|---|
| 32 | സദ്ഭാവന മണ്ഡപ്-കാസർഗോഡ്, ചെങ്കള പഞ്ചായത്ത് | 18-ാ മത് | 2019 20 | കാസർഗോഡ് | 140 |
| 33 | വാരാമ്പറ്റ ഗവണ്മെന്റ് യുപി സ്കൂളിലെ ടോയ്ലറ്റു നിർമ്മാണം-വയനാട് | 22-ാ മത് | 2019 20 | വയനാട് | 20.3 |
| 34 | തലപ്പുഴ ഗവമെന്റ് ഹൈസ്കൂളിലെ ടോയ്ലറ്റു നിർമ്മാണം-വയനാട് | 22-ാ മത് | 2019 20 | വയനാട് | 40.6 |
| 35 | ചെന്നലോട് ഗവമെന്റ് യുപി സ്കൂളിലെ ടോയ്ലറ്റു നിർമ്മാണം-വയനാട് | 22-ാ മത് | 2019 20 | വയനാട് | 19.6 |
| 36 | കൊറ്റനാട്-ഗവമെന്റ് യുപി സ്കൂളിലെ ടോയ്ലറ്റു നിർമ്മാണം -വയനാട് | 22-ാ മത് | 2019 20 | വയനാട് | 40.6 |
| 37 | ഉളിക്കൽ ഗവമെന്റ് ഹയർ സെക്കന്ററി സ്ക്കൂളിന് അധിക ക്ളാസ് മുറികളുടെ നിർമ്മാണം-കണ്ണൂർ | 22-ാ മത് | 2019 20 | കണ്ണൂർ | 49.1 |
| 38 | മയ്യിൽ-ഇടൂഴി മാധവൻ നമ്പൂതിരി സ്മാരക ഗവമെന്റ് ഹയർ സെക്കന്ററി സ്ക്കൂൾ കെട്ടിട നിർമ്മാണം-കണ്ണൂർ | 22-ാ മത് | 2019 20 | കണ്ണൂർ | 51.1 |
| 39 | എടത്തല ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ സ്മാർട്ട് ക്ലാസ് റൂം-എറണാകുളം | 33-ാ മത് | 2021 22 | എറണാകുളം | 2.97 |
| 40 | നൊച്ചിമ ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ സ്മാർട്ട് ക്ലാസ് റൂം. | 33-ാ മത് | 2021 22 | എറണാകുളം | 2.97 |
| 41 | തൃക്കാക്കര തേവക്കൽ ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ സ്മാർട്ട് ക്ലാസ് റൂം. | 33-ാ മത് | 2021 22 | എറണാകുളം | 2.97 |
| 42 | വടകര ജില്ലാ ആശുപത്രിയിലേക്ക് ഡയാലിസിസ് മെഷീൻ സ്ഥാപിക്കൽ | 33-ാ മത് | 2021 22 | കോഴിക്കോട് | 221.78 |
| 43 | ഗവ.വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ(ടി.എച്ച്.എസ്) സെമിനാർ ഹാളും സ്റ്റെം ലാബും നിർമ്മാണം | 33-ാ മത് | 2021 22 | കോഴിക്കോട് | 82.09 |
| 44 | ചാലിയാർ ഗ്രാമപഞ്ചായത്തിലെ നിലമ്പൂർ ന്യൂനപക്ഷ കേന്ദ്രീകരണ ബ്ലോക്കിൽ നൈപുണ്യ വികസന കേന്ദ്രത്തിനായുള്ള കെട്ടിട നിർമ്മാണം | 33-ാ മത് | 2021 22 | കോഴിക്കോട് | 792.42 |
| 45 | ചാലിയാർ ഗ്രാമപഞ്ചായത്തിലെ നിലമ്പൂർ ന്യൂനപക്ഷ കേന്ദ്രീകരണ ബ്ലോക്കിൽ പെൺകുട്ടികളുടെ ഹോസ്റ്റൽ കെട്ടിടത്തിൻറെ നിർമ്മാണം | 33-ാ മത് | 2021 22 | മലപ്പുറം | 997 |
| 46 | കോട്ടക്കൽ ഗവ.രാജാസ് ഹയർ സെക്കൻഡറി സ്കൂളിനുള്ള ക്ലാസ് റൂം കെട്ടിടത്തിന്റെ (4ACR) നിർമ്മാണം | 33-ാ മത് | 2021 22 | മലപ്പുറം | 53 |

## ഇമ്പിച്ചിബാവ ഭവനനിർമ്മാണ/പുനരുദ്ധാരണ പദ്ധതി

- ന്യൂനപക്ഷ സമുദായത്തിലെ ഭവനരഹിതരായ ദുരിതബാധിത കുടുംബങ്ങളിലെ വിധവകൾ, വിവാഹ ബന്ധം വേർപെട്ടവർ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ എന്നിവർക്ക് സുരക്ഷിതമായ പാർപ്പിടം ഉറപ്പാക്കുന്നതിനായി 2017-18 മുതൽ വകുപ്പ് ഇമ്പിച്ചിബാവ ഭവന നിർമ്മാണ / പുനരുദ്ധാരണ പദ്ധതിപദ്ധതി നടപ്പിലാക്കി.

- 2013-2017കാലയളവിലെ ഇമ്പിച്ചിബാവ ഭവന നിർമ്മാണ പദ്ധതിയിൽ നിർമ്മാണം പൂർത്തിയാകാതെ പോയ വീടുകൾക്കും ഈ ഭവന പുനരുദ്ധാരണ പദ്ധതിയിലൂടെ ധനസഹായം അനുവദിച്ചു.

- പദ്ധതിയിലൂടെ ആയിരക്കണക്കിന് ന്യൂനപക്ഷകുടുംബങ്ങൾക്ക് സ്വന്തം വീടും സാമൂഹ്യസുരക്ഷയും ഉറപ്പാക്കുന്നതിന് വകുപ്പിന് സാധിച്ചു

- പദ്ധതിയിൽ 124.1 കോടി വിനിയോഗിച്ചു 2577 വീടുകൾ നിർമ്മിക്കുകയും 4092 വീടുകൾക്ക് പുനരുദ്ധാരണ ധനസഹായം അനുവദിച്ചിട്ടുള്ളതാണ്.



| വർഷം | പൂർത്തീകരിച്ച വീടുകൾ (ഭവന പദ്ധതി) | പൂർത്തീകരിച്ച വീടുകൾ (ഭവന പുനരുദ്ധാരണ പദ്ധതി) | ചെലവഴിച്ച തുക (തുക ലക്ഷത്തിൽ) |
|---|---|---|---|
| 2017-18 | 1050 | 71 | 5000 |
| 2018-19 | 691 | 759 | 4461 |
| 2019-20 | 347 | 94 | 791.133 |
| 2020- 21 | 423 | 64 | 631.204 |
| 2021-22 | 42 | 550 | 334.83 |
| 2022-23 | 13 | 734 | 335.28 |
| 2023-24 | 3 | 558 | 342.26 |
| 2024-25 | 7 | 881 | 414.35 |
| 2025-26 | 1 | 381 | 80 |
| | 2577 | 4092 | 12410.397 |

## സൗജന്യ വ്യക്തിത്വ വികസനവും കരിയർ ഗൈഡൻസ് പരിശീലനം (പാസ് വേഡ്)

- ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് അവരുടെ കഴിവുകൾ തിരിച്ചറിയാനും ഭാവിയിലേക്ക് ആത്മവിശ്വാസത്തോടെ മുന്നേറാനും സഹായിക്കുന്നതിനായി നടപ്പിലാക്കിയ പാസ്‌വേഡ് പദ്ധതി ജീവിതത്തിനും പഠനത്തിനും ആവശ്യമായ കഴിവുകൾ ഉൾക്കൊള്ളിച്ച സൗജന്യ ക്യാമ്പുകൾ വഴി വ്യക്തിത്വ വികസനത്തെയും കരിയർ സാധ്യതകളെയും ലക്ഷ്യമിടുന്നു.

- SSLC, Plus Two, വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാർത്ഥികൾ മുഖ്യഗുണഭോക്താക്കളാണ്, BPL വിഭാഗത്തിന് മുൻഗണന നൽകുന്നതോടൊപ്പം പെൺകുട്ടികൾക്കും 30% സീറ്റുകൾസംരക്ഷിക്കപ്പെട്ടിട്ടുണ്ട്. ഓരോ ക്യാമ്പിലും കരിയർ ഗൈഡൻസ്, നേതൃപാടവം, അഭിമുഖപരിശീലനം, സമയനിയന്ത്രണം, ആശയവിനിമയം തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധരുടെ പരിശീലനം ലഭിക്കുന്നു.

- 2017 2024 കാലയളവിൽ 1000 ക്യാമ്പുകൾ സംഘടിപ്പിച്ച് 6.1 കോടി വിനിയോഗം ചെയ്ത ഈ പദ്ധതി 1,20,000 വിദ്യാർത്ഥികൾക്ക് നേരിട്ടുള്ളപരിശീലനം നൽകി, മികച്ചവിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനത്തിനും വ്യക്തിത്വ വളർച്ചയ്ക്കും വഴിയൊരുക്കി, സാമൂഹിക പ്രതിബദ്ധതയും വനിതാശക്തീകരണവും ഉറപ്പാക്കി.



## പാത്‌വേ സോഷ്യൽ വെൽനെസ് പ്രോഗ്രാം

- ന്യൂനപക്ഷ യുവജനങ്ങളിൽ ഉയർന്നവിവാഹമോചന നിരക്ക് മുൻകൂട്ടിതിരിച്ചറിഞ്ഞു, കുടുംബബന്ധങ്ങൾ ശക്തിപ്പെടുത്താനും, വിവാഹജീവിതത്തിലെ വെല്ലുവിളികൾ പരിഹരിക്കാനും സർക്കാർ വിവാഹപൂർവ കൗൺസിലിംഗ് ക്യാമ്പുകൾ ആരംഭിച്ചു.

- 2022-23 മുതൽ Pathway Social Wellness Programme എന്ന പേരിൽ നവീകരിച്ച പദ്ധതി, യുവതികളെയും വിവാഹിതരായവരെയും ഉൾപ്പെടുത്തുകയും, അവരുടെ സാമൂഹിക-ആരോഗ്യപരമായ പിന്തുണ ഉറപ്പാക്കുകയും ചെയ്യുന്നു

- 2018 2024 കാലയളവിൽ 4.88 കോടി വിനിയോഗിച്ച് 64,250 യുവജനങ്ങൾ (യുവാക്കളും യുവതികളും) പരിശീലനം നേടി. വിവാഹബോധവൽക്കരണം, കുടുംബ ഉത്തരവാദിത്തം, സംഘർഷനിർമ്മാർജനം, ലിംഗസൂക്ഷ്മത, മാനസികാരോഗ്യം തുടങ്ങിയ വിഷയങ്ങളിൽ അറിവും പരിശീലനവും ലഭിക്കുകയും, വിവാഹജീവിതത്തെ സമൂഹ പിന്തുണയുള്ള വെൽനെസ് പ്രാക്ടീസായി കാണിക്കുന്ന സാംസ്കാരിക മാറ്റം സൃഷ്ടിക്കുകയും ചെയ്തു.

- ഈ പദ്ധതി കുടുംബ ശക്തീകരണത്തിനും സ്ത്രീശക്തീകരണത്തിനും, ആരോഗ്യകരമായ കുടുംബബന്ധങ്ങൾ വളർത്തുന്നതിനും, സാമൂഹിക ക്ഷേമത്തിനും ഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്.



## ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങൾ
## (C.C.M.Y – Coaching Centre for Minority Youths)

- ന്യൂനപക്ഷ വിഭാഗങ്ങൾക്ക് സർക്കാർ തൊഴിൽ, വിദ്യാഭ്യാസം, അടിസ്ഥാന സൗകര്യങ്ങളിൽ അവസര സമത്വം ഉറപ്പാക്കാനുള്ള നടപടികളുടെ ഭാഗമായി സംസ്ഥാനത്ത് 14 ജില്ലകളിൽ 24 പരിശീലന കേന്ദ്രങ്ങളും 28 ഉപകേന്ദ്രങ്ങളും സ്ഥാപിച്ചു.

- പ്ലസ്ടു, ഡിഗ്രി തലത്തിലുള്ള ഉദ്യോഗാർത്ഥികൾക്ക് PSC, മറ്റ് സർക്കാരിലെ നിയമന പരീക്ഷകൾക്കായി വർഷത്തിൽ രണ്ട് ബാച്ചുകളിലായി (ജനുവരി-ജൂൺ, ജൂലൈ-ഡിസംബർ) പരിശീലനം നൽകപ്പെടുന്നു;

- 2016-2025 കാലയളവിൽ 75,525 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി, 4,330 പേർക്ക് സർക്കാർ മേഖലയിലെ തൊഴിൽ ലഭ്യമാക്കി, ഈ കേന്ദ്രങ്ങൾ ന്യൂനപക്ഷ യുവജനങ്ങളുടെ കരിയർ വികസനത്തിനും സമൂഹത്തിൽ സജീവ പങ്കാളിത്തത്തിനും ഒരു മുതൽക്കൂട്ടാണ്.



## ജെ.ബി.കോശി കമ്മീഷൻ റിപ്പോർട്ടും സ്വീകരിച്ച നടപടികളും

**ക്രിസ്ത്യൻ മത വിഭാഗത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഒന്നാം പിണറായി സർക്കാരിന്റെകാലത്താണ് ജെ.ബി കോശി കമ്മീഷനെ നിയോഗിച്ചത്. കമ്മീഷൻ റിപ്പോർട്ടിലെ 284 ശുപാർശകളിൽ 186 എണ്ണം വിവിധവകുപ്പുകൾ നടപ്പിലാക്കിയിട്ടുണ്ട്. 12 ശുപാർശകൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാനുള്ള നടപടി പുരോഗമിക്കുന്നു. ബാക്കി ശുപാർശകൾ കൂടി നടപ്പാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഈ നപടികൾ ത്വരിതപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും ചീഫ് സെക്രട്ടറിയെ ബഹു. മുഖ്യമന്ത്രി ചുമതലപ്പെടുത്തിയിട്ടുണ്ട്.**

| | |
|---|---|
| വനിതാ–ശിശുവികസന വകുപ്പ് | 3 ശുപാർശകൾ നൽകിയതിൽ ഒരു എണ്ണത്തിൽ നടപടി സ്വീകരിച്ചു. |
| ആഭ്യന്തര വകുപ്പ് | 6 ശുപാർശകൾ നൽകിയതിൽ 4 എണ്ണത്തിൽ നടപടി സ്വീകരിച്ചു. |
| തൊഴിൽ വകുപ്പ് | 10 ശുപാർശകൾ നൽകിയതിൽ 6 എണ്ണത്തിൽ നടപടി സ്വീകരിച്ചു. |
| കോസ്റ്റൽ ഷിപ്പിംഗ് വകുപ്പ് | 2 ശുപാർശകൾ നൽകിയതിൽ ഒരു എണ്ണത്തിൽ നടപടി സ്വീകരിച്ചു. |
| ഭക്ഷ്യ–പൊതുവിതരണ വകുപ്പ് | 4 ശുപാർശകൾ നൽകിയതിൽ 3 എണ്ണത്തിൽ നടപടി സ്വീകരിച്ചു. |
| വ്യവസായ വകുപ്പ് | 3 ശുപാർശകൾ നൽകിയതിൽ 2 എണ്ണത്തിൽ നടപടി സ്വീകരിച്ചു. |
| ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് | ഒരു ശുപാർശ നൽകിയതിൽ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| റവന്യു വകുപ്പ് | 47 ശുപാർശകൾ നൽകിയതിൽ 14 എണ്ണത്തിൽ നടപടി സ്വീകരിച്ചു. 21 എണ്ണത്തിൽ നടപടി പുരോഗമിക്കുന്നു. |
| പിന്നോക്ക വിഭാഗ വികസന വകുപ്പ് | 25 ശുപാർശകൾ നൽകിയതിൽ ഒരെണ്ണത്തിൽ നടപടി പൂർത്തിയായി. 18 എണ്ണത്തിൽ നടപടി പുരോഗമിക്കുന്നു. ഒരു ശുപാർശ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |
| ന്യൂനപക്ഷക്ഷേമ വകുപ്പ് | 41 ശുപാർശകൾ നൽകിയതിൽ 17 എണ്ണത്തിൽ നടപടി പൂർത്തിയായി. 14 എണ്ണത്തിൽ നടപടി പുരോഗമിക്കുന്നു. രണ്ട് ശുപാർശകൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |
| ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് | 17 ശുപാർശകൾ നൽകിയതിൽ 2 എണ്ണത്തിൽ നടപടി സ്വീകരിച്ചു. 12 എണ്ണത്തിൽ നടപടി പുരോഗമിക്കുന്നു. |
| ജലവിഭവ വകുപ്പ് | 18 ശുപാർശകൾ നൽകിയതിൽ 7 എണ്ണത്തിൽ നടപടി സ്വീകരിച്ചു. 10 എണ്ണത്തിൽ നടപടി പുരോഗമിക്കുന്നു. |
| തദ്ദേശസ്വയംഭരണ വകുപ്പ് | 55 ശുപാർശകൾ നൽകിയതിൽ 6 എണ്ണത്തിൽ നടപടി പൂർത്തിയായി. 9 എണ്ണത്തിൽ നടപടി പുരോഗമിക്കുന്നു. ഒരു ശുപാർശ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| പൊതുവിദ്യാഭ്യാസ വകുപ്പ് | 43 ശുപാർശകൾ നൽകിയതിൽ 10 എണ്ണത്തിൽ നടപടി പൂർത്തിയായി. 9 എണ്ണത്തിൽ നടപടി പുരോഗമിക്കുന്നു. 4 ശുപാർശകൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |
| പൊതുഭരണ വകുപ്പ് | 11 ശുപാർശകൾ നൽകിയതിൽ 3 എണ്ണത്തിൽ നടപടി സ്വീകരിച്ചു. 6 എണ്ണത്തിൽ നടപടി പുരോഗമിക്കുന്നു. |
| മത്സ്യബന്ധന വകുപ്പ് | 64 ശുപാർശകൾ നൽകിയതിൽ 50 എണ്ണത്തിൽ നടപടി സ്വീകരിച്ചു. 6 എണ്ണത്തിൽ നടപടി പുരോഗമിക്കുന്നു. |
| ആരോഗ്യ വകുപ്പ് | 35 ശുപാർശകൾ നൽകിയതിൽ 3 എണ്ണത്തിൽ നടപടി സ്വീകരിച്ചു. 5 എണ്ണത്തിൽ നടപടി പുരോഗമിക്കുന്നു. |
| കൃഷി വകുപ്പ് | 25 ശുപാർശകൾ നൽകിയതിൽ 14 എണ്ണത്തിൽ നടപടി സ്വീകരിച്ചു. 4 എണ്ണത്തിൽ നടപടി പുരോഗമിക്കുന്നു. |
| വനം-വന്യജീവി വകുപ്പ് | 18 ശുപാർശകൾ നൽകിയതിൽ 5 എണ്ണത്തിൽ നടപടി പൂർത്തിയായി. 4 എണ്ണത്തിൽ നടപടി പുരോഗമിക്കുന്നു. ഒരു ശുപാർശ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |
| പരിസ്ഥിതി വകുപ്പ് | 6 ശുപാർശകൾ നൽകിയതിൽ 3 എണ്ണത്തിൽ നടപടി പുരോഗമിക്കുന്നു. |

| | |
|---|---|
| സഹകരണ വകുപ്പ് | 13 ശുപാർശകൾ നൽകിയതിൽ 3 എണ്ണത്തിൽ നടപടി സ്വീകരിച്ചു. 2 എണ്ണത്തിൽ നടപടി പുരോഗമിക്കുന്നു. |
| സാമൂഹ്യ നീതി വകുപ്പ് | 11 ശുപാർശകൾ നൽകിയതിൽ 2 എണ്ണത്തിൽ നടപടി പൂർത്തിയായി. 2 എണ്ണത്തിൽ നടപടി പുരോഗമിക്കുന്നു. ഒരു ശുപാർശ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |
| ശാസ്ത്ര സാങ്കേതിക വകുപ്പ് | 2 ശുപാർശകൾ നൽകിയതിൽ ഒരു എണ്ണത്തിൽ നടപടി പുരോഗമിക്കുന്നു. ഒരു ശുപാർശ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |
| വിനോദസഞ്ചാര വകുപ്പ് | 5 ശുപാർശകൾ നൽകിയതിൽ 2 എണ്ണത്തിൽ നടപടി സ്വീകരിച്ചു. ഒരു എണ്ണത്തിൽ നടപടി പുരോഗമിക്കുന്നു. |
| കായിക-യുവജനകാര്യ വകുപ്പ് | ഒരു ശുപാർശ നൽകിയതിൽ നടപടി പുരോഗമിക്കുന്നു. |

| | |
|---|---|
| സാംസ്കാരിക വകുപ്പ് | 6 ശുപാർശകൾ നൽകിയതിൽ ഒരു എണ്ണത്തിൽ നടപടി സ്വീകരിച്ചു. ഒരു എണ്ണത്തിൽ നടപടി പുരോഗമിക്കുന്നു. |
| നിയമവകുപ്പ് | 2 ശുപാർശകൾ നൽകിയതിൽ ഒരു എണ്ണത്തിൽ നടപടി സ്വീകരിച്ചു. ഒരു എണ്ണത്തിൽ നടപടി പുരോഗമിക്കുന്നു. |
| നികുതി വകുപ്പ് | ഒരു ശുപാർശ നൽകിയതിൽ നടപടി സ്വീകരിച്ചു. |
| പൊതുമരാമത്ത് വകുപ്പ് | 2 ശുപാർശകൾ നൽകിയതിൽ നടപടി സ്വീകരിച്ചു. |
| മൃഗസംരക്ഷണ വകുപ്പ് | 2 ശുപാർശകൾ നൽകിയതിൽ നടപടി സ്വീകരിച്ചു. |
| തുറമുഖ വകുപ്പ് | ഒരു ശുപാർശ നൽകിയതിൽ നടപടി സ്വീകരിച്ചു. |
| ധനകാര്യ വകുപ്പ് | 11 ശുപാർശകൾ നൽകി. നടപടി സ്വീകരിച്ചു വരുന്നു |

കേരള സർക്കാർ

## ന്യൂനപക്ഷ ക്ഷേമവകുപ്പ്



# നവകേരളസൃഷ്ടിയും ന്യൂനപക്ഷ ക്ഷേമവും

# വിഷൻ 2031